

# ആമുഖം

സുഹൃത്തേ,

അധികാരത്തിന്റെ ദന്തഗോപുരങ്ങളിൽ ഇരുന്ന് അനുചരന്മാർക്ക് പനയോല കളിൽ കൽപന എഴുതികൊടുത്ത നാടുവാഴിത്വത്തിന്റെ ഇരുണ്ട യുഗത്തിൽ നിന്നും സ്വാതന്ത്ര്യത്തിന്റെയും ജനാധിപത്യത്തിന്റെയും വിശ്വമാനവികതയു ടെയും ഈ ഭൂമിയിൽ...

കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനമായ തൃശ്ശൂരിന്റെ ഹൃദയഭാഗത്തുള്ള മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്തിന്റെ വികസന മുന്നേറ്റത്തിന്റെ.. നേർകാഴ്ചയുടെ 4 വർഷം ഈ ഭരണ സമിതിക്ക് നേതൃത്വം നൽകാൻ കഴിഞ്ഞു എന്ന അഭിമാനബോധത്തോടെയാണ് നിങ്ങൾക്ക് മുന്നിൽ നിൽക്കുന്നത്.

പതിനാലാം പഞ്ചവത്സരപദ്ധതിയുടെ നാലാം വർഷത്തെ പദ്ധതിരേഖയും ഈ ഭരണസമിതിയുടെ അവസാന പദ്ധതിരേഖയുമാണ് ഇവിടെ അവതരിപ്പിക്കുന്നത്. ആസൂത്രണ സമിതി, വർക്കിംഗ് ഗ്രൂപ്പ്, ഗ്രാമസഭ നിർദ്ദേശങ്ങൾ ഉൾകൊണ്ട് നാടിന് അനുയോജ്യമായ വികസന പ്രവർത്തന ങ്ങൾ നടത്തുക എന്നതാണ് ഈ ഭരണ സമിതി സ്വീകരിച്ചിട്ടുള്ള നയം.

ഈ ഭരണ സമിതിയുടെ കാലത്ത് പഞ്ചായത്തിന് ലഭ്യമായ ഫണ്ട് പൂർണ്ണമായും ചെലവഴി ക്കുകയെന്ന ലക്ഷ്യം നമുക്ക് ഒരുമിച്ച് നിന്ന് നടപ്പിലാക്കാൻ കഴിഞ്ഞു എന്നതിൽ വളരെ സന്തോ ഷമുണ്ട്. പഞ്ചായത്തിലെ രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ജല ജീവമിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി കെ.എസ്.എച്ച്.ബിയിൽ പഞ്ചായത്ത് വാങ്ങിയ സ്ഥലത്തും പൂമല ഹൈസ്ക്കൂളിന് മുൻവശത്തും വലിയ വാട്ടർ ടാങ്ക് നിർമ്മിക്കുന്ന പ്രവർത്തനവും പൂമല ഡാമിൽ നിന്നുള്ള ഫ്ലോട്ടിംഗ് പമ്പിംഗ് പ്രവർത്തനവും അവസാന ഘട്ടത്തിലാണ്.

വയോജനങ്ങളുടെ ക്ഷേമ പ്രവർത്തനത്തിന് ഏകദേശം 30 ലക്ഷത്തിൽ അധികം തുക ചെലവഴിച്ച് പൂർത്തീകരിച്ച പകൽവീട് ഉടൻ പ്രവർത്തനം ആരംഭിക്കും. പൂമല കുടുംബാ രോഗ്യ കേന്ദ്രത്തിൽ ഈവനിംഗ് ഒ.പി. വയോജനങ്ങൾക്ക് വിവിധ സർക്കാർ സ്ഥാപനങ്ങളിൽ പ്രത്യേക കൗണ്ടർ എന്നിവ ആരംഭിക്കാൻ സാധിച്ചുയെന്നത് വളരെയേറെ അഭിനന്ദനീയമാണ്.

പഞ്ചായത്തിലെ വിവിധ അങ്കണവാടികൾ, ഘടക സ്ഥാപനങ്ങൾ ഇന്റോർ സ്റ്റേഡിയം എന്നിവ ഏകദേശം 37 ലക്ഷം രൂപ ചെലവഴിച്ച് സോളാർ പാനൽ സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമി ക്കുന്നു.

നഗര സഞ്ചയ പദ്ധതിയിൽ ഉൾപ്പെടുത്തി പഞ്ചായത്തിലെ 2.70 കോടി രൂപ വകയിരുത്തി 6 കുളങ്ങളുടെ പുനരുദ്ധാരണം പുരോഗമിക്കുന്നു. ഇതിൽ ശങ്കരപുരം കുളം, പാണ്ടംകുളം, പാല ക്കാക്കുളം എന്നിവയുടെ നവീകരണം അവസാന ഘട്ടത്തിലാണ്.

കാർഷിക മേഖലയ്ക്ക് പ്രഥമ പരിഗണന നൽകി മേഖലയുടെ വളർച്ചയ്ക്കും സുസ്ഥിര വികസനത്തിനും തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തുന്നതിനും കാർഷിക മേഖലയിൽ പുതിയ പദ്ധതികൾ ഏറ്റെടുക്കാൻ കഴിഞ്ഞ കാലങ്ങളിൽ കഴിഞ്ഞിട്ടുണ്ട്.

ആരോഗ്യമേഖലയുടെ സമഗ്രവികസനത്തിന് കൂടുതൽ തുക പദ്ധതിയിൽ ഉൾപ്പെടുത്തി അലോപ്പതി, ആയുർവ്വേദം, ഹോമിയോ, പെയിൻ & പാലിയേറ്റീവ് ഡയാലിസിസ് രോഗികൾക്ക് സഹായം എന്നിവ നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്.

ഭിന്നശേഷക്കാർക്കും ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർ വയോജനങ്ങൾക്കുള്ള പകൽവീട്, കുട്ടികൾ, വനിതകൾ, പട്ടികജാതി വിഭാഗം തുടങ്ങി മുഴുവൻ മേഖലയിലും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്.

പഞ്ചായത്തിൽ അതിദാരിദ്രവിഭാഗത്തിൽപ്പെട്ടുന്ന 15 കുടുംബങ്ങൾക്കാവശ്യമായ മുഴുവൻ പ്രവർത്തനങ്ങളും പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു.

കായികമേഖലയിൽ യുവജനങ്ങൾക്ക് ഫിറ്റ്നസ് സെന്റർ, ഇൻഡോർ ഷട്ടിൽ-വോളിബോൾ കോർട്ട് (ഫ്ളഡ്ലൈറ്റ്), ഫുട്ബോൾ-ക്രിക്കറ്റ് എന്നിവ കളിക്കുന്നതിനായി ആധുനിക രീതിയിൽ ഫ്ളഡ്ലൈറ്റ് സ്റ്റേഡിയം എന്നിവ പൂർത്തീകരിക്കാൻ സാധിച്ചു. യുവതി-യുവാക്കൾക്ക് പഞ്ചായത്തിൽ പി.എസ്.സി. ക്ലാസ്സുകൾ ആരംഭിക്കാൻ കഴിഞ്ഞു.

ലൈഫ് പദ്ധതിയിൽ ഉൾപ്പെട്ട മുഴുവൻ ഗുണഭോക്താക്കൾക്കും വീടും സ്ഥലവും നൽകുന്നതിന് ആവശ്യമായ ഫണ്ട് ഈ ഭരണസമിതിയുടെ കാലഘട്ടിൽ തന്നെ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

മാലിന്യ മുക്ത പഞ്ചായത്തിനായി ഹരിതകർമ്മ സേനയുടെ പ്രവർത്തനം ശക്തിപ്പെടുത്താൻ കഴിഞ്ഞു.

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെയും ത്രിതല പഞ്ചായത്ത് സംവിധാനത്തിന്റെയും എം.പി. -എം.എൽ.എ. തുടങ്ങിയവരുടെയും ഫണ്ട് ഫലപ്രദമായി ഉപയോഗപ്പെടുത്തുക എന്നതാണ് ഭരണസമിതിയുടെ കാഴ്ചപ്പാട്.

കഴിഞ്ഞ വർഷങ്ങളിൽ പദ്ധതി രൂപീകരണത്തിൽ ഗ്രാമപഞ്ചായത്തിനോട് സഹകരിച്ച എല്ലാവർക്കും സ്നേഹം നിറഞ്ഞ നന്ദി അറിയിക്കുന്നു. തുടർന്നുള്ള പ്രവർത്തനങ്ങളിലും ഏവരുടേയും പിന്തുണ അഭ്യർത്ഥിക്കുന്നതോടൊപ്പം ഈ പദ്ധതി രേഖ നിങ്ങളുടെ മുമ്പാകെ സവിനയം സമർപ്പിക്കുന്നു.

**കെ.ജെ. ദേവസ്സി (ബൈജു)**
പ്രസിഡണ്ട്
മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്ത്

മുളങ്കുന്നത്തുകാവ്
15.01.2025

# ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച വിവരങ്ങൾ

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്ത് |
| പഞ്ചായത്ത് രൂപീകൃതമായ വർഷം | : | 1969 |
| ഗ്രാമപഞ്ചായത്ത് ഉൾപ്പെടുന്ന ബ്ലോക്ക് | : | പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത് |
| ജില്ലാ പഞ്ചായത്ത് | : | തൃശൂർ ജില്ലാ പഞ്ചായത്ത് |
| താലൂക്ക് | : | തൃശൂർ |
| അസംബ്ലി മണ്ഡലം | : | വടക്കാഞ്ചേരി |
| പാർലമെന്റ് മണ്ഡലം | : | ആലത്തൂർ |
| പഞ്ചായത്തിൽ ഉൾപ്പെടുന്ന വില്ലേജ് | : | കിള്ളന്നൂർ |
| വാർഡുകളുടെ എണ്ണം | : | 14 |
| വിസ്തീർണ്ണം | : | 21.22 ച.കി.മീ. |
| പഞ്ചായത്തിലെ ജനസംഖ്യ | : | 20256 (2011 ലെ സെൻസസ് പ്രകാരം) |
| സ്ത്രീകൾ | : | 10391 |
| പരുഷൻമാർ | : | 9865 |
| വനിതാ റിസർവേഷൻ വാർഡ് | : | 7 |
| എസ്. സി. റിസർവേഷൻ വാർഡ് | : | 1 |
| അതിരുകൾ | | |
| വടക്ക് | : | വടക്കാഞ്ചേരി നഗരസഭ,<br>തെക്കുംകര പഞ്ചായത്ത് |
| പടിഞ്ഞാറ് | : | അവണൂർ പഞ്ചായത്ത് |
| തെക്ക് | : | കോലഴി പഞ്ചായത്ത് |
| കിഴക്ക് | : | മാടക്കത്തറ പഞ്ചായത്ത്, തൃശൂർ കോർപ്പറേഷൻ |

# നിർവ്വഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| സെക്രട്ടറി | - | ശ്രീ മനോജ് പി.എൻ. |
| അസി. സെക്രട്ടറി | - | ശ്രീമതി സുനില വി.ജി. |
| അസിസ്റ്റന്റ് എഞ്ചിനീയർ | - | ശ്രീമതി അനീഷ്യ കെ.എസ്. |
| കൃഷി ഓഫീസർ | - | ശ്രീമതി അപർണ |
| വെറ്ററിനറി സർജൻ, പൂമല | - | ഡോ. ചിത്ര ചന്ദ്രശേഖർ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | - | ഡോ. താര എം.എ. |
| മെഡിക്കൽ ഓഫീസർ, (ആയുർവ്വേദം) | - | ഡോ. ജിജിമോൾ പി. |
| മെഡിക്കൽ ഓഫീസർ, (ഹോമിയോ) | - | ഡോ. സ്മൃതി |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, പൂമല | - | ശ്രീമതി രശ്മി ആർ. നായർ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, കിള്ളന്നൂർ | - | ശ്രീ ദീപക് പി. ഗോകുൽ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | - | ശ്രീമതി ബിൻസി കെ. പോൾ |
| ഡയറിഫാം ഇൻസ്ട്രക്ടർ | - | ശ്രീമതി സംഗീത |
| അസി. ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | - | ശ്രീമതി ഫാത്തിമ |

# പഞ്ചായത്തിലെ ജീവനക്കാർ

| പേര് | ഔദ്യോഗിക പദവി |
|---|---|
| മനോജ് പി എൻ | സെക്രട്ടറി |
| സുനില വി ജി | അസി സെക്രട്ടറി |
| അനിത പി കെ | ഹെഡ് ക്ലാർക്ക് |
| രാകേശ് രവീന്ദ്രൻ | ഹെഡ് അക്കൗണ്ടന്റ് |
| സുജ പി സി | സീനിയർ ക്ലാർക്ക് |
| വിനീത വിജയൻ കെ | സീനിയർ ക്ലാർക്ക് |
| ജോയ്സൺ ജി മല്ലിയത്ത് | സീനിയർ ക്ലാർക്ക് |
| രശ്മി സി | ക്ലാർക്ക് |
| ശോഭ രാഘവൻ | ക്ലാർക്ക് |
| വിനീത് എച്ച് | ക്ലാർക്ക് |
| രാജൻ പി എസ് | ഓഫീസ് അറ്റന്റന്റ് |
| സെബാസ്റ്റ്യൻ എം വി | ഓഫീസ് അറ്റന്റന്റ് |
| ശോഭന ടി എം | പാർട് ടൈം സ്വീപ്പർ |
| നീതു എ എൻ | ടെക്നിക്കൽ അസിസ്റ്റന്റ് |
| ബിന്ദു സി ബി | പ്രോജക്ട് അസിസ്റ്റന്റ് |
| ശ്രീക്കുട്ടി എൻ എസ് | ഹെൽത്ത് ഇൻസ്പെക്ടർ |
| അഖിലേഷ് പി എസ് | അക്രഡിറ്റഡ് എഞ്ചിനീയർ, എം.ജി.എൻ.ആർ.ഇ.ജി.എസ് |
| സന്ദീപ് | ഓവർസീയർ, എം.ജി.എൻ.ആർ.ഇ.ജി.എസ് |
| സുലത | ഡാറ്റാ എൻട്രി ഓപ്പറേറ്റർ, എം.ജി.എൻ.ആർ.ഇ.ജി.എസ് |
| ദീപ | ഡാറ്റാ എൻട്രി ഓപ്പറേറ്റർ, എം.ജി.എൻ.ആർ.ഇ.ജി.എസ് |
| അനീഷ്യ | അസിസ്റ്റന്റ് എഞ്ചിനീയർ |
| സൗമ്യ | ഓവർസീയർ |
| ജ്യോതി | ഓവർസീയർ |
| ഡേവിസ് | ക്ലാർക്ക് |
| രശ്മി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ് |
| ദീപക് പി ഗോകുൽ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ് |

**പതിനാലാം പഞ്ചവൽസര പദ്ധതി (2022–27)**
**ആസൂത്രണസമിതി അംഗങ്ങളുടെ വിവരങ്ങൾ**
**തദ്ദേശഭരണസ്ഥാപനത്തിന്റെ പേര് – മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്ത്**
**മുളങ്കുന്നത്തുകാവ്**

| ക്രമ നമ്പർ | പേരും വിലാസവും | പുനസംഘടിപ്പിച്ച ആസൂത്രണ സമിതിയിലെ സ്ഥാനം |
|---|---|---|
| 1 | കെ ജെ ദേവസ്സി(ബൈജു) പ്രസിഡന്റ് | അദ്ധ്യക്ഷൻ |
| 2 | എ.എൻ ശശീധരൻ മാസ്റ്റർ, അയ്യപ്പൻപറമ്പിൽ | ഉപാദ്ധ്യക്ഷൻ |
| 3 | സെക്രട്ടറി, മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്ത് | കൺവീനർ |
| 4 | അഡ്വ. ബിജു വർഗ്ഗീസ്, വികസനം സ്റ്റാ.കമ്മിറ്റി. ചെയർമാൻ | അംഗം |
| 5 | മെറീന ബാബു, ധനകാര്യം സ്റ്റാ. കമ്മിറ്റി. ചെയർമാൻ | അംഗം |
| 6 | ഫ്രാൻസി ടീച്ചർ, ക്ഷേമം സ്റ്റാ.കമ്മിറ്റി. ചെയർപേഴ്സൺ | അംഗം |
| 7 | സുമ സുരേന്ദ്രനാഥ്, ആരോഗ്യം സ്റ്റാ. കമ്മിറ്റി.ചെയർപേഴ്സൺ | അംഗം |
| 8 | സിബി തോമസ്, പതിയിൽ, പൂമല പി.ഒ | അംഗം |
| 9 | രമേഷ്, | അംഗം |
| 10 | ജോസഫ്, ചുങ്കത്ത്, തിരൂർ | അംഗം |
| 11 | മഹേശ്വരൻ, തെല്ലമ്മാൾ പറമ്പിൽ വീട്, മുളങ്കുന്നത്തുകാവ് പി.ഒ | അംഗം |
| 12 | പ്രംകുമാർ, ചെറുവള്ളിവളപ്പിൽ, കോഞ്ചേരി റോഡ്, മുളങ്കുന്നത്തുകാവ് പി.ഒ | അംഗം |
| 13 | പ്രവീൺ എം.ജി, മേഞ്ചേരി , അത്താണി പി.ഒ, ഉദയനഗർ | അംഗം |
| 14 | ജോസ് പുളിക്കയിൽ ചോറ്റുപാറ | അംഗം |
| 15 | അനിൽകുമാർ ടി ജോൺ, തൈക്കാട്ടിൽ, കല്ലേപടി, മുളങ്കുന്നത്തുകാവ് പി.ഒ | അംഗം |
| 16 | ജി.ബി. വിനോദ് ഞെള്ളേരി, കോഞ്ചിറോഡ്, മുളങ്കുന്നത്തുകാവ് പി.ഒ | അംഗം |
| 17 | ജെ ബി രാജൻ | അംഗം |

# മുളക്കുന്നത്തുകാവ് ഗ്രാമപഞ്ചായത്ത് ഭരണ സമിതി അംഗങ്ങൾ



**കെ.ജെ. ദേവസ്സി (ബൈജു)**
പ്രസിഡണ്ട്



**മെറീന ബാബു**
വൈസ് പ്രസിഡണ്ട്



**മനോജ് പി.എൻ.**
സെക്രട്ടറി



**അഡ്വ. ബിജുവർഗ്ഗീസ്**
ചെയർമാൻ, വികസന
സ്റ്റാന്റിംഗ് കമ്മിറ്റി



**ഫ്രാൻസി ടീച്ചർ**
ചെയർപേഴ്സണ്,
ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി



**സുമ സുരേന്ദ്രനാഥ്**
ചെയർപേഴ്സൺ വിദ്യാഭ്യാസ-
ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി



**അനൂപ് കെ.എൻ.**
മെമ്പർ, വാർഡ് - 1



**സതി വിശ്വനാഥൻ**
മെമ്പർ, വാർഡ് - 2



**ഇ.ടി. ബിജു**
മെമ്പർ, വാർഡ് - 3



**സി.പി. ജോർജ്ജ്**
മെമ്പർ, വാർഡ് -6



**ബിന്ദു രമേഷ്**
മെമ്പർ, വാർഡ് - 7



**വനജ മോഹനൻ**
മെമ്പർ, വാർഡ് - 11



**മനോജ് കുഴിപറമ്പിൽ**
മെമ്പർ, വാർഡ് - 12



**സൗമ്യ സുനിൽ**
മെമ്പർ, വാർഡ് - 13



**സുധാകരൻ കെ.ആർ.**
മെമ്പർ, വാർഡ് - 14



**ശ്രീ കെ. രാധാകൃഷ്ണൻ**
ബഹു. ആലത്തൂർ എം.പി.



**ശ്രീ സേവ്യർ ചിറ്റിലപ്പിള്ളി**
വടക്കാഞ്ചേരി എം.എൽ.എ.



**ശ്രീ പി.എസ്. വിനയൻ**
തൃശൂർ ജില്ലാ പഞ്ചായത്ത്
മെമ്പർ, വാഴാനി ഡിവിഷൻ



**ശ്രീമതി ലിനി ടീച്ചർ**
തൃശൂർ ജില്ലാ പഞ്ചായത്ത്
മെമ്പർ, അവണൂർ ഡിവിഷൻ



**ശ്രീമതി രഞ്ജു വാസുദേവൻ**
ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി
ചെയർപേഴ്സൺ
പുഴയ്ക്കൽ ബ്ലോക്ക്
പഞ്ചായത്ത്



**ശ്രീമതി ജെസ്സി സാജൻ**
ആരോഗ്യ - വിദ്യാഭ്യാസ
സ്റ്റാന്റിംഗ് കമ്മിറ്റി
ചെയർപേഴ്സൺ
പുഴയ്ക്കൽ ബ്ലോക്ക്
പഞ്ചായത്ത്

# അദ്ധ്യായങ്ങൾ


1. തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ വികസന സ്ഥിതി അവസ്ഥ വിശകലനം
2. വാർഷിക പദ്ധതി അവലോകനം
3. പ്രശ്ന വിശകലനവും പ്രശ്നപരിഹാര സാധ്യതകളും
4. വികസന കാഴ്ചപ്പാട്, ലക്ഷ്യങ്ങൾ, തന്ത്രം
5. വിഭവ സ്രോതസ്സുകളും വകയിരുത്തലുകളും
6. പ്രോജക്ടുകളും അവയുടെ വിശദാംശങ്ങളും
7. പ്രത്യേകപദ്ധതികൾ/പരിപാടികൾ
8. വായ്പാബന്ധങ്ങൾ
9. സമഗ്ര പരിപാടികളും സംയോജന സാധ്യതകളും
10. മോണിറ്ററിംഗ്

അദ്ധ്യായം 1

# തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ വികസന സ്ഥിതി അവസ്ഥ

തൃശൂർ നഗരത്തിനോടടുത്ത് സ്ഥിതി ചെയ്യുന്ന കാർഷിക പഞ്ചായത്താണ് മുളങ്കുന്നത്തുകാവ്. 21.22 ചതുശ്ര കിലോമീറ്റർ വിസ്തൃതിയുള്ള പഞ്ചായത്തിന്റെ പകുതിയോളം മലയോര മേഖലയാണ്. 20256 ആണ് പഞ്ചായത്തിലെ ജനസംഖ്യ പുഴയ്ക്കൽ ബ്ലോക്കിലാണ് മുളങ്കുന്നത്തുകാവ് പഞ്ചായത്ത് ഉൾപ്പെട്ടിരിക്കുന്നത്. ഗ്രാമാന്തരീക്ഷത്തിൽ നിന്നും നാഗരികതയിലേക്ക് ചുവടുമാറാൻ വെമ്പൽ കൊണ്ട് സമഗ്ര വികസന തുടിപ്പുകളുമായ് വിവിധ മതവിഭാഗങ്ങൾ, ആരാധനാലായങ്ങൾ, പൂമല ഡാം, പാമ്പൂരാൻപാറ എന്നിവ ഇഴ ചേർന്ന് മനോഹരമായ പട്ടുവസ്ത്രം പോലെ ഒന്നിച്ച് ഒത്തൊരുമിച്ച് ജീവിക്കുന്ന ഒരു വികസിത പ്രദേശമാണ് മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്ത്.

കൃഷി മുഖ്യ തൊഴിലായി സ്വീകരിച്ചിരുന്ന ചെറുകിട കർഷകരായിരുന്നു ഭൂരിഭാഗവും മലയോര മേഖലയിൽ ആകട്ടെ പതിറ്റാണ്ടുകളായി കുടിയേറി പാർത്തതും അല്ലാത്തതുമായ നിരവധി കുടുംബങ്ങൾ അടങ്ങിയതായിരുന്നു. എന്നാൽ ആസ്ഥിതിക്ക് ഒട്ടൊക്കെ മാറ്റം വന്നിരിക്കുകയാണ്.

ഈ ആധുനികതയുടെ കുത്തൊഴുക്കിലും ബദൽ വികസനങ്ങളുമായി സാമൂഹ്യനീതിയലധിഷ്ഠിതമായ സമഗ്ര വികസനം എന്നകാഴ്ച്ചപ്പാടോടെ പഞ്ചായത്ത് സമസ്ത ജനവിഭാഗങ്ങളുടേയും വികസനത്തിനാവശ്യമായ നിരവധി ആശയങ്ങളുമായി മുന്നേറുകയാണ് വരാൻ പോകുന്ന കാലഘട്ടത്തിന്റെ നിരവധി ആവശ്യങ്ങൾ ഉൾകൊണ്ട് ദീർഘവീക്ഷണത്തോടെ ഈ പഞ്ചായത്ത് ഭരണ സമിതി വിവിധ പദ്ധതികൾ രൂപപ്പെടുത്തി മുന്നേറികൊണ്ടിരിക്കുകയാണ്.

1969 ൽ കിള്ളന്നൂർ പഞ്ചായത്ത് രൂപീകരിച്ചു. എ.എം. കുരിക്കോസ് പഞ്ചായത്തിന്റെ പ്രഥമ പ്രസിഡന്റായിരുന്നു. 1970 വെളപ്പായ റോഡ് ജംഗ്ഷനിൽ ജയന്തി രഘുനാഥ് മല്ലയ്യ സംഭാവനായി നൽകിയ (ഇന്ന് ഓഫീസ് സ്ഥിതിചെയ്യുന്ന സ്ഥലം) സ്ഥലത്ത് കെട്ടിടം പണിത് പ്രവർത്തനം ആരംഭിച്ചു. 1994 ലെ നഗരപാലിക നിയമത്തിനുശേഷം 1995 ൽ കിള്ളന്നൂർ പഞ്ചായത്തിനെ മുളങ്കുന്നത്തുകാവ് പഞ്ചായത്ത് എന്ന പുനർനാമകരണം ചെയ്ത് സർക്കാർ ഉത്തരവായി.

സാംസ്കാരിക മേഖലയിൽ വളരെ മുൻപന്തിയിൽ നിൽക്കുന്ന മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്തിൽ ഇൻഡോർ സ്റ്റേഡിയം , വായനശാലകൾ, ആർട്സ്, സ്പോർട്സ്, സയൻസ്, റിക്രിയേഷൻ ക്ലബ്ബ് കോഞ്ചേരി റോഡ് എന്നിവയുടെ പ്രവർത്തനം എടുത്ത് പറയത്തക്കതാണ്. പഞ്ചായത്ത് പ്രദേശമായ പൂളായ്ക്കൽ, കെൽട്രോൺ സ്ഥലങ്ങളിൽ സാംസ്കാരിക നിലയവും പ്രവർത്തിച്ചുവരുന്നു. തനത് കലാരൂപങ്ങളായ, തെയ്യം, തിറ, പൂതംകളി, കുമ്മാട്ടി, നായാടി കളി, കാളക്കളി, പൊറാട്ട് നാടകം, ഓണത്തല്ല്, തുടങ്ങിയ

വയുടേയും മറ്റ് അനുഷ്ഠാനകലകളുടേയും ഒരു പാരമ്പര്യം തന്നെ മുളങ്കുന്നത്തുകാവ് പഞ്ചായത്തിനുണ്ട്. പ്രാചീന അനുഷ്ഠാന കലകളിൽ പുള്ളുവൻപാട്ട്, നന്തുണിപാട്ട്, തുകിലുണർത്ത് പാട്ട്, പറയ-പുലയ വേലകളി, മുടിയാട്ടം എന്നിവ ഇന്നും നിലനിൽക്കുന്നു.

മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം കെട്ടിടനികുതി, തൊഴിൽ നികുതി എന്നിവയെ ആശ്രയിച്ചാണ്. ജീവനക്കാർ അതാതു സാമ്പത്തിക വർഷത്തെ നികുതികൾ 100% പിരിച്ചെടുക്കുവാൻ സാധിച്ചിട്ടുണ്ട്. സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിച്ച് നൽകുന്ന ഗ്രാന്റുകളുടെ അടിസ്ഥാനത്തിൽ മാത്രമാണ് പദ്ധതി പ്രവർത്തങ്ങൾ മുന്നോട്ട് പോകുന്നത്. പഞ്ചായത്തിന്റെ ദൈനംദിന ചെലവുകൾക്ക് ജനറൽ പർപ്പസ് ഗ്രാന്റിനെ ആശ്രയിച്ചുപോരുന്നു.

മുളങ്കുന്നത്തുകാവ് പഞ്ചായത്തിന് വളരെ വ്യത്യസ്തമായ ഭൂപ്രകൃതിയാണ് ഉള്ളത്. ഉയർന്ന മലയോര പ്രദേശങ്ങളും താഴ്‌വാരങ്ങളും സമതല പ്രദേശങ്ങളും ഇവിടത്തെ സവിശേഷതകളാണ്. ഇക്കാരണങ്ങളാൽ ഈ മേഖലകൾ നേരിടുന്ന പ്രശ്നങ്ങളും വ്യത്യസ്തങ്ങളാണ്. വിസ്തൃതമായ മലയോര മേഖലയിൽ ജനസാന്ദ്രത വളരെ കുറവും താഴ്ന്ന പ്രദേശങ്ങളിൽ ജനസാന്ദ്രത വളരെ കൂടുതലാണ്. ഉയർന്ന ജനസാന്ദ്രതമൂലമുണ്ടാകുന്ന പാരിസ്ഥിതിക പ്രദേശങ്ങൾ താഴ്ന്ന പ്രദേശങ്ങളിൽ അനുഭവപ്പെടുന്നു. ആളോഹരി ഭൂവിസ്തൃതി മലയോര മേഖലയിൽ 50 സെന്റും സമതല പ്രദേശങ്ങളിൽ വളരെ കുറവുമാണ്. മലയോര മേഖലയിലെ കുടിയേറ്റ കർഷകർ കാട് വെട്ടിതെളിയിച്ച് തെങ്ങ്, കുരുമുളക്, വാഴ, ജാതി, പച്ചക്കറികൾ, റബ്ബർ, കവുങ്ങ് തുടങ്ങിയവ കൃഷി ചെയ്യുന്നു. തൃശൂർ നഗരത്തിൽ നിന്ന് 8 കിലോമീറ്റർ ദൂരത്തിൽ തുടങ്ങുന്നതാണ് മുളങ്കുന്നത്തുകാവ് പഞ്ചായത്ത് അതിർത്തി. ഈ പഞ്ചായത്തിന് വടക്ക് വടക്കാഞ്ചേരി മുനിസിപ്പാലിറ്റി, തെക്കുംകര പഞ്ചായത്തും പടിഞ്ഞാറ് അവണൂർ, കോലഴി പഞ്ചായത്തുകളും, തെക്ക് കോലഴി പഞ്ചായത്തും കിഴക്ക് മാടക്കത്തറ പഞ്ചായത്തും തൃശൂർ കോർപ്പറേഷനും സ്ഥിതിചെയ്യുന്നു. ഈ പഞ്ചായത്ത് 22.12 ചതുശ്ര കിലോമീറ്റർ വ്യാപിച്ചുകിടക്കുന്നതും. പുഴയ്ക്കൽ ബ്ലോക്കിൽ സ്ഥിതിചെയ്യുന്ന മുളങ്കുന്നത്തുകാവ് പഞ്ചായത്ത് തൃശൂർ താലൂക്കിൽ ഉൾപ്പെടുന്നു.

മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്തിലെ മുഴുവൻ പൗരന്മാർക്കും സമയബന്ധിതമായി സേവനങ്ങൾ ലഭിക്കുന്നതിന് പഞ്ചായത്ത് ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളത് ഒരു പരിധിവരെ ഗുണകരമായിട്ടുണ്ട് ഫ്രണ്ട് ഓഫീസ് കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു. നിലവിൽ എല്ലാ സേവനങ്ങളും ഓൺലൈനിലൂടെ നൽകിവരുന്നു. ഐ.കെ.എം.ന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ ഐ.എൽ.ജി.എം.എസ്. സോഫ്റ്റ്‌വെയറിന്റെ പ്രവർത്തനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. നിലവിൽ ജനങ്ങളുടെ സേവനത്തിനായി പഞ്ചായത്ത് ഓഫീസിൽ ഒരു ജനനസസേവനകേന്ദ്രവും സ്ഥിതി ചെയ്യുന്നുണ്ട്. എല്ലാവിധ സൗകര്യങ്ങളോടുംകൂടിയ പഞ്ചായത്തോഫീസിന് പഞ്ചായത്ത് ഭരണസമിതിയുടേയും ഉദ്യോഗസ്ഥരുടേയും ചിട്ടയായ പ്രവർത്തനത്തിന്റെ ഫലമായി ഐ.എസ്.ഒ അംഗീകൃത പഞ്ചായത്തായി സർട്ടിഫിക്കേഷൻ ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിലെയും ഘടകസ്ഥാപനങ്ങളിലെയും ഉദ്യോഗസ്ഥരും പഞ്ചായത്ത് ഭരണസമിതിയും കൂട്ടായ പ്രവർത്തനങ്ങളിലൂടെ പഞ്ചായത്തിന്റെ പൊതുവായ വികസന പ്രവർത്തനങ്ങളും ജനസേവനവും ഫലപ്രാപ്തിയിലെത്തിക്കുന്നതിന് പ്രവർത്തിക്കുന്നതാണ്. കൂടുതൽ മികച്ചതും ജനോപകാര പ്രദവുമായ പദ്ധതികൾ 14-ാം പഞ്ചവത്സര പദ്ധതിയിൽ സദ്ഭരണത്തിന് കൂടുതൽ പ്രാമുഖ്യം നൽകികൊണ്ട് ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള ശ്രമത്തിലാണ്.

മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും കാർഷിക മേഖലയെ ആശ്രയിച്ചാണ് ഉപജീവനം നടത്തുന്നത്. മലയോര മേഖല, താഴ്‌വരയിലുള്ള പ്രദേശങ്ങൾ തുടങ്ങിയ സവിശേഷമായ ഭൂപ്രകൃ

തിയുള്ള ഈ ഗ്രാമപഞ്ചായത്തിൽ നെൽകൃഷി, തെങ്ങ്, കവുങ്ങ്, വാഴ, പച്ചക്കറികൾ തുടങ്ങിയവ യഥേഷ്ട മായി കൃഷി ചെയ്ത് വരുന്നു. കുടിയേറ്റ കർഷകർ ഏറ്റവും അധികമായി താമസിക്കുന്ന ഗ്രാമപഞ്ചായ ത്തിലെ 4,5,6,7 തുടങ്ങിയ വാർഡുകളിൽ പ്രധാനമായും തെങ്ങ്, വാഴ, പച്ചക്കറി എന്നിവ കൃഷി ചെയ്ത് വരു ന്നു. എന്നാൽ ഉൽപ്പന്നങ്ങളുടെ വൻ വിലയിടിവ് മൂലം കേരള കർഷകർ കൂടുതലായും റബ്ബർ കൃഷിയി ലേക്ക് പോകുന്ന പ്രവണതയാണ് നിലവിലുള്ളത്. ആ സാഹചര്യം മനസ്സിലാക്കി തൊഴിൽ സേന രൂപീകരിക്കുന്നതിനും അതിലൂടെ തരിശ്ഭൂമികൾ ഏറ്റെടുത്ത് സമ്പൂർണ്ണ തരിശ് രഹിത പഞ്ചായത്താക്കുവാനുള്ള ശ്രമങ്ങൾ നടത്തിവരുന്നു. ഈ കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്തും, മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്തും സംയുക്തമായി മുളങ്കുന്നത്തുകാവിലെ പാട ശേഖരസമിതിക്ക് ട്രാക്ടർ വാങ്ങി നൽകി നെൽ കർഷകർക്ക് ഉഴവു കൂലി വിത്ത്, വളം എന്നിവ നൽകി വരുന്നു. കർഷകരുടെ ഉൽപന്നങ്ങൾ വിറ്റഴിക്കുന്നതിനായി പഞ്ചായത്തിൽ ആഴ്ചചന്ത നടത്തിവരുന്നു.

ഗ്രാമപഞ്ചായത്തിലെ കുറഞ്ഞുവരുന്ന ക്ഷീരകർഷകരുടെ ഉന്നമനത്തിനായി പഞ്ചായത്ത്, ക്ഷീരവികസനം, ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി, കന്നുകുട്ടി പരിപാലനം, കറവ് പശുവളർത്തിൽ പദ്ധതി, പശു വളർത്തൽ പദ്ധതി, ആട് വളർത്തൽ തുടങ്ങിയ പ്രവർത്തനങ്ങൾ ഏറ്റെടുത്തു വരുന്നു.

മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്തിൽ 40% ജനങ്ങൾ ദാരിദ്ര്യരേഖയ്ക്ക് താഴെ വരുന്നവരാണ്. കടുത്ത ദാരിദ്ര്യം അനുഭവിക്കുന്നവർ ഏറെയില്ലെങ്കിലും 5% പേർ തീർത്തും പരിഗണന അർഹിക്കുന്ന വിഭാഗമാ ണ്. സ്ത്രീ പദവി പഠനത്തിന്റെ ഭാഗമായി നടത്തിയ സർവ്വേ പ്രകാരം മദ്യത്തിനും മയക്കുമരുന്നിനും അടി മപെട്ട കുടുംബനാഥൻമാർ ശിഥിലമാക്കപ്പെട്ട കുടുംബാംഗങ്ങളേയും കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. 2009 ലെ ബി.പി.എൽ. സർവ്വേ പ്രകാരം 402 പട്ടികജാതി കുടുംബങ്ങൾ ഉൾപ്പെടെ 1527 (കുടുംബം 597) കുടുംബ ങ്ങളാണ് ഉള്ളത്. അർഹരായ ധാരാളം ആളുകൾ ഇനിയും ലിസ്റ്റിൽ ഉൾപ്പെടാനുണ്ട്. ഭൂരിഭാഗം കുടുംബങ്ങ ളേയും കാർഷിക മേഖലയിലും നിർമ്മാണ മേഖലയിലും തൊഴിൽ ചെയ്യുന്നവരാണ്. കാർഷിക മേഖ ലയിലെ ഉൽപാദന മാന്ദ്യവും നിർമ്മാണ രംഗത്തെ മാന്ദ്യവും ഗ്രാമപഞ്ചായത്തിലെ ജനജീവിതത്തെ സാര മായി ബാധിച്ചിട്ടുണ്ട്. പരമ്പരാഗത തൊഴിലേർപ്പെട്ടിരിക്കുന്ന ധാരാളം പട്ടികജാതി കുടുംബാംഗങ്ങൾ ഉണ്ടാ യിരുന്നെങ്കിലും സാമൂഹ്യ ജീവിതരീതിയിൽ വന്ന മാറ്റം മൂലം ഈ തൊഴിലുകൾ അന്യം നിന്നുപോയി. പട്ടികജാതി വിഭാഗത്തിന്റെ ഉന്നമനം ലക്ഷ്യമാക്കി ഉത്പാദന മേഖലയിലും സേവന മേഖലയിലും പശ്ചാ ത്തല മേഖലയിലും നിരവധി പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. വൃദ്ധർ, വികലാംഗർ, കുട്ടികൾ എന്നിവരുടെ ക്ഷേമം കണക്കാക്കി അവരുടെ ഉന്നമനത്തിനാവശ്യമായ പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്. നിലവിൽ അതിദാരിദ്ര്യനിർമ്മാർജ്ജന പദ്ധതി മുഖേന താഴെതട്ടിലുളള നിരാലംബരായ വ്യക്തികൾക്ക് വീട്, മാസം തോറും ഭക്ഷ്യകിറ്റ്, മരുന്നുകൾ മുതലായവ നൽകുന്നതിന് സാധിക്കുന്നുണ്ട്.

തൃശൂർ കോർപ്പറേഷന്റെ ചേരി പുനരുദ്ധാരണ പദ്ധതി പ്രകാരം മാറ്റി പാർപ്പിക്കപ്പെട്ട 100 കുടുംബങ്ങൾ നമ്മുടെ പഞ്ചായത്തിലെ 7-ാം വാർഡിൽ സ്ഥിര താമസക്കാരായിട്ടുണ്ട്. ഇവരിൽ ഭൂരിഭാഗവും നിരാലം ബരും നിരാശ്രയരും നിർദ്ധനരുമായ കുടുംബങ്ങളാണ്. ഇവർക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പാക്കി വരുന്നു.

ഗ്രാമപഞ്ചായത്തിൽ ഗതാഗത യോഗ്യമല്ലാത്ത നിരവധി റോഡുകളും സബ് റോഡകളും, പാലങ്ങളും, കഴിഞ്ഞ പദ്ധതി കാലങ്ങളിൽ നവീകരിച്ച് ഗതാഗത യോഗ്യമാക്കാൻ സാധിച്ചിട്ടുണ്ട്. പഞ്ചായത്തിന് കൈമാറികിട്ടിയ ഒട്ടനവധി സ്ഥാപനങ്ങളും അങ്കണവാടികളും അറ്റകുറ്റപണികൾ നടത്തി കൂടുതൽ സൗകര്യപ്രദമാക്കിയിട്ടുണ്ട്. പശ്ചാത്തല മേഖലയുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ കഴിഞ്ഞ പദ്ധതി കാലയളവിൽ സാധിച്ചിട്ടുണ്ട്. സ്വന്തമായി സ്ഥലമുള്ള അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിച്ചു നൽകുന്നു. ഈ കാലയളവിൽ പഞ്ചായത്ത് പദ്ധതിയും തൊഴിലുറപ്പ് പദ്ധതിയും ഉപയോഗിച്ചുംകൊണ്ട് ഗ്രാമപഞ്ചായത്തിന്റെ വളരെയധികം വികസന പദ്ധതികൾ നടപ്പിലാക്കാൻ പഞ്ചായത്തിന് സാധിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിൽ തൊണ്ണൂറും ശതമാനം റോഡുകൾ സഞ്ചാര യോഗ്യമാക്കൻ സാധിച്ചിട്ടുള്ളത് പഞ്ചായത്തിന് അഭിമാനർഹമായ നേട്ടമാണ്. നിലവിൽ പഞ്ചായത്ത് ഓഫീസ് മുഴുവൻ സോളാർ സ്ഥാപിച്ചിട്ടുള്ളതും, ലഭിക്കുന്ന വൈദ്യുതി കെ.എസ്.ഇ.ബി.ക്ക് നൽകികൊണ്ടിരിക്കുന്നുമുണ്ട്. അതുപോലെതന്നെ മററു ഘടകസ്ഥാപനങ്ങളെല്ലാം തന്നെ സൗരോർജ്ജപാനലാക്കി മാറ്റുന്നതിനുളഅള പദ്ധതികൾ രൂപീകരിച്ചിട്ടുള്ളതുമാണ്. പഞ്ചായത്തിന്റെ പരമാവധി ഏരിയകളിലും സ്ട്രീറ്റ് ലൈൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കാൻ സാധിച്ചിട്ടുണ്ട്. വെളപ്പായ മേൽപാലത്തിലും ഗ്രാമപഞ്ചായത്ത് ഗ്രൗണ്ടിനും ചുറ്റും ലൈറ്റുകൾ സ്ഥാപിച്ചു. പഞ്ചായത്തിൽ സ്ട്രീറ്റ് ലൈറ്റുകളുടെ റിപ്പയറിംഗ് നല്ല രീതിയിൽ നടന്നുവരുന്നു.

ഗ്രാമപഞ്ചായത്തിൽ വരൾച്ച സമയത്ത് എല്ലാ വർഷവും ടാങ്കർ ലോറികളിൽ വെള്ളമെത്തിക്കുന്നതിന് സാധിച്ചിട്ടുണ്ട്. മാത്രമല്ല പല കുടിവെള്ള പദ്ധതികളും മുൻ പദ്ധതി കാലയളവുകളിൽ നടപ്പിലാക്കുന്നതിന് സാധിച്ചിട്ടുണ്ട്. 2022 ആകുമ്പോഴേക്കും മുഴുവൻ വീടുകളിലും ശുദ്ധജലം എത്തിക്കുന്നതിനുവേണ്ടിയുള്ള ജെ.ജ.എം. മിഷൻ പദ്ധതി പഞ്ചായത്തിൽ നടപ്പിലാക്കിവരുന്നു. തുടർ വർഷങ്ങളിലും നൂതന പദ്ധതികൾ ആവിഷ്കരിച്ചുകൊണ്ട് ജനങ്ങളുടെ ഉന്നമനത്തിനായി പ്രവർത്തിക്കാൻ കഴിയും.

## അദ്ധ്യായം 2
# വാർഷിക പദ്ധതി അവലോകനം

മുളങ്കുത്തുകാവ് ഗ്രാമപഞ്ചാത്തിൽ സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുക എന്ന ലക്ഷ്യത്തിൽ ഊന്നിയുള്ള പ്രവർത്തനങ്ങളാണ് നടപ്പിലാക്കി വരുന്നത്. പഞ്ചായത്തിൽ നിന്നും ലഭിക്കേണ്ട സേവന ങ്ങൾ നൽകിവരുന്നത്. കേന്ദ്ര/സംസ്ഥാന സർക്കാരുകൾ പുതിയതായി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പ ദ്ധതികളിൽ ഒട്ടുമിക്കവയും തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേനയാണ് ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരി ക്കുന്നത്. ഈ പ്രവർത്തനങ്ങൾ കാലഘട്ടത്തിനനുസരിച്ച് കൃത്യതയോടും സമയബന്ധിതമായും നൽകേ ണ്ടതായി വരുമ്പോൾ ഇപ്പോൾ നിലവിലുള്ള സൗകര്യങ്ങൾ അപര്യാപ്തമാണ്. പഞ്ചായത്തിന്റെ ഘടക സ്ഥാപനങ്ങൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്ന കാര്യത്തിൽ മുൻഗണ നൽകിവരുന്നുണ്ട്. തുടർ പ്രവർത്തനങ്ങൾ നടത്തുന്നതിന്റെ ഭാഗമായി പുതിയ പദ്ധതികൾ നടപ്പിലാക്കുന്ന ശ്രമത്തിലാണ് പഞ്ചാ യത്ത് ഭരണസമിതി പഞ്ചായത്ത് ആഫീസിൽ നിന്നുള്ള സേവനങ്ങൾ നൽകുന്നതിന് പൗരാവകാശരേഖ ഓരോ വർഷവും പുതുക്കി പൊതുജനങ്ങളുടെ അറിവിലേക്കായി പ്രസിദ്ധീകരിക്കുന്നുണ്ട്. ഫ്രണ്ട് ആഫീസ് സംവിധാനം കാര്യക്ഷമമായി നടപ്പിലാക്കിവരുന്നുണ്ട്. അപേക്ഷകൾ ഓൺലൈൻ സോഫ്റ്റ്വെയർ ഐ. എൽ.ജി.എം.എസ്. മുഖേന സ്വീകരിക്കുന്നു.

സമഗ്രവികസന കാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ വിളകളുടെ ഉൽപാദനം വർദ്ധിപ്പിക്കുന്ന തിന് വിവിധ വിളകൾ കൃഷിചെയ്യുന്ന കർഷകർക്ക് ധനസഹായം നൽകുന്നതിനും സാധിച്ചിട്ടുണ്ട്. പച്ച ക്കറി കൃഷി 100 കർഷകർക്ക് മൂന്ന് സീസണിലായി സൗജന്യമയി പച്ചക്കറി തൈ വിതരണം ചെയ്തു. നെൽകൃഷി വിത്ത് വിതരണം 62.5 ഹെക്ടർ സ്ഥലത്ത് കൂലിച്ചെലവ് 55 ഹെക്ടർ സ്ഥലത്തിലേക്ക് സഹായം നൽകി. 120 കർഷകർക് ഈ ധനസഹായം ലഭിച്ചത്. 200 കർഷകർക്ക് റംബൂട്ടൻ തൈകൾ വിതരണം ചെയ്തു. ഒരു ഏക്കർ സ്ഥലത്ത് പൂകൃഷിക്ക് തൈ വിതരണം ചെയ്തു. അതിനുവേണ്ട കൂലിച്ചെലവും ധന സഹായവും നൽകി. കുടുംബശ്രീ ഗ്രൂപ്പുകളാണ് പൂ കൃഷി നടപ്പിലാക്കിയത്. കൂടാതെ, തേനീച്ച കൃഷി, ഫലസമൃദ്ധി ഡ്രാഗൺ ഫ്രൂട്ട് കൃഷി, തെങ്ങി കൃഷി, കവുങ്ങ് കൃഷി എന്നിവയ്ക്ക് ധനസഹായം അനുവ ദിച്ച് തരുന്നു.

മേൽ സൂചിപ്പിച്ച പദ്ധതികളെല്ലാം തന്നെ വിവിധ മേഖലകളിൽ കൃഷി ചെയ്യുന്ന കർഷകർക്ക് വളരെയ ധികം പ്രയോജനം ലഭിച്ചവയാണ്.

| | | |
|---|---|---|
| 1. കറവ പശുക്കൾക്ക് കാലിത്തീറ്റ പദ്ധതി | – | 80 ഗുണഭോക്താക്കൾക്ക് 10 മാസം 1000 സബ്സിഡി. |
| 2. ധാതുലവണവും വിരമരുന്നും വിതരണം | – | 80 ഗുണഭോക്താക്കൾക്ക് 1000 രൂപയുടെ കിറ്റ് വിതരണം ചെയ്തു. |
| 3. പശു വിതരണം | – | ജനറൽ വിഭാഗത്തിൽ 14 പശുവിനെ വാങ്ങിനൽകി. |
| 4. ആട് വളർത്തൽ പദ്ധതി | – | ജനറൽ വിഭാഗത്തിൽ 14 ഗുണഭോക്താക്കൾക്ക് ആടിനെ വാങ്ങിനൽകി. |

ഏറ്റെടുത്ത് നടപ്പിലാക്കിയ പൊതുമരാമത്ത് പദ്ധതികൾ എല്ലാം തന്നെ വിജയകരമായിരുന്നു. ഒട്ടനവധി മൺ റോഡുകൾ സഞ്ചാരയോഗ്യമാക്കാൻ സാധിച്ചു. നിലവിലുള്ള റോഡുകളുടെ സംരക്ഷണം നടത്തുന്ന

തിനും, വെള്ളകെട്ട് ഒഴിവാക്കുന്നതിന് കാന തീർക്കുവാനും സാധിച്ചു. നിലവിലുള്ള പാലത്തിന്റെ വീതി കൂട്ടുവാനും ഗതാഗത സൗകര്യത്തോടുകൂടി പഴയ പാലങ്ങൾ പുതുക്കി പുതിയ പാലങ്ങൾ നിർമ്മിക്കുവാനും സാധിച്ചു. അംഗൻവാടി കെട്ടിടത്തിന്റെ സംരക്ഷണത്തിന് ചുറ്റുമതിൽ നിർമ്മാണം പൂർത്തിയാക്കി. പഞ്ചായത്തിലെ ശ്മശാനം നവീകരിക്കുന്നതിന് സാധിച്ചു.

പഞ്ചായത്തിൽ മറ്റ് ഏജൻസികൾ വഴി നടപ്പിലാക്കിയ പദ്ധതികൾ മുഴുവനും പൂർത്തീകരിക്കാനും യഥാർത്ഥ പ്രയോജനം ജനങ്ങൾക്ക് ലഭ്യമാക്കുന്ന രീതിയിൽ പദ്ധതി പൂർത്തിയാക്കുവാനും കഴിഞ്ഞിട്ടില്ല. കഴിഞ്ഞ കാലയളവിൽ നബാർഡ് (ഡി.എം.ജി.എസ്.വൈ.) ഏറ്റെടുത്ത് നടപ്പിലാക്കിയ പദ്ധതി പൂർണ്ണമായും പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. നിർമ്മിതി ഏറ്റെടുത്ത് നടപ്പിലാക്കിയ പറമ്പായി അംഗൻവാടി പണി പൂർത്തീകരിച്ചു. അത്തേക്കാട് അങ്കണവാടി നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു. കോഴിക്കുന്ന് അംഗൻവാടി പുതിയകെട്ടിടത്തിലേക്ക്മാറി പവർത്തനം ആരംഭിച്ചു. തെരുവിളക്കുകളുടെ വൈദ്യുതി ചെലവ് കുറയ്ക്കുന്നതിനായി ഓട്ടോമാറ്റിക് മീറ്റർ സംവിധാനം പഞ്ചായത്ത് നടപ്പിലാക്കി.

ലൈഫ് ഭവന നിർമ്മാണം, വീട് റിപ്പയർ, വീടുകളിൽ ശുചിത്വ കക്കൂസ്, ആശ്രയ ഭവനങ്ങൾക്ക് പ്രാഥമിക സൗകര്യങ്ങൾ മുതലായവ. ഇവയിൽ ഭവന നിർമ്മാണം, റിപ്പയറിംഗ് പദ്ധതികളിൽ നിർമ്മാണ സാധന സാമഗ്രികളുടെ ഉയർന്ന വിലവർദ്ധനവ് മൂലം സബ്സിഡി അനുവദിച്ച തുകയ്ക്കുള്ളിൽ ഭവനം പൂർത്തീകരിക്കാൻ സാധിക്കാതെ വരുന്നു. എന്നിരുന്നാലും പല ഗുണഭോക്താക്കളും നിർമ്മാണം പൂർത്തീകരിച്ച് സമയബന്ധിതമായി സബ്സിഡി കൈപ്പറ്റുന്നു. ചിലർ ധനസഹായം കൃത്യമായി വിനിയോഗിക്കാതെയും സമയബന്ധിതമായി പൂർത്തിയാക്കാതേയും വരുന്നു.

ആശ്രയ പദ്ധതിയിൽ സഹായം നൽകിയത് പൂർണ്ണമായിരുന്നില്ല. അർഹരായ എല്ലാവർക്കും സഹായം എത്തിക്കാൻ കഴിഞ്ഞിട്ടില്ല. ഇവർക്ക് എല്ലാ വർഷവും ആശ്രയ പദ്ധതിയിലൂടെ സഹായം നൽകിവരുന്നു.

പദ്ധതി കാലയളവിലും മുൻ വർഷവും ശാരീരിക മാനസിക വൈകല്യമുള്ള എല്ലാ വിദ്യാർത്ഥികൾക്കും പഠന സ്കോളർഷിപ്പ് നൽകിവരുന്നു. 44 പേർക്കാണ് ഭിന്നശേഷി സ്കോളർഷിപ്പ് അനുവദിച്ചത്.

ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി ബ്ലോക്ക് ജില്ലാ പഞ്ചായത്തുകളുമായി സംയോജിപ്പിച്ച് നല്ലരീതിയിൽ നടന്നുവരുന്നു. വികലാംഗർക്കായി ശ്രവണ സഹായി, വീൽചെയർ, ഓട്ടോമാറ്റിക് വീൽചെയർ, ക്രച്ചസ് നൽകിയിട്ടുണ്ട്. വൃദ്ധരുടെ ആരോഗ്യ പരിപാലനത്തിനായി ആയുർവ്വേദ മരുന്ന് നൽകുന്ന പദ്ധതി ആയുർവ്വേദ ഡിസ്പെൻസറി മുഖാന്തിരം നടത്തിവരുന്നുണ്ട്. വൃദ്ധർക്ക് കട്ടിൽ 45 പേർക്ക് ധനസഹായം നൽകി.

ഭവന നിർമ്മാണം, ഭവനപുനരുദ്ധാരണം, വിവാഹ ധനസഹായം, ലക്ഷംവീട് പുനരുദ്ധാരണം, പഠന സഹായം, ദുരഹിതരുടെ പുനരധിവാസം, ഡ്രൈവിംഗ് പരിശീലനം, കോളനികൾ കേന്ദ്രീകരിച്ച് ശുചിത്വ ബോർഡുകൾ സ്ഥാപിക്കൽ വീടുകളിൽ കക്കൂസ് നിർമ്മാണം, കിണർ നിർമ്മാണം, കിണർ സംരക്ഷണം തുടങ്ങിയപ്രവർത്തനങ്ങൾ പഞ്ചായത്ത് പട്ടികജാതിക്കാർക്കായി നടത്തിയിട്ടുണ്ട്. കൂടാതെ പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, ലാപ്ടോപ്പ് എന്നിവ വിതരണം ചെയ്തിട്ടുണ്ട്. പട്ടികജാതിക്കാരുടെ സാമൂഹിക സാംസ്കാരിക ഒത്തുകൂടലിനായി സാംസ്കാരിക നിലയം സ്ഥാപിക്കാനും നമുക്ക് കഴിഞ്ഞു. ലൈഫ് പദ്ധതിയിൽ ജനറൽ വിഭാഗത്തിന് 17 പേർക്കും എസ്.സി. വിഭാഗത്തിന് 16 പേർക്കും ഭവന നിർമ്മാണ ധനസഹായം നൽകി. ലൈഫ് പദ്ദതിയിൽ ഭൂമി വാങ്ങുന്നതിന് ജനറൽ 5 പേർക്കും, എസ്.സി. 2 പേർക്കും ധനസഹായം അനവദിക്കാൻ കഴിഞ്ഞു. ഇരട്ടവീട് ഒറ്റവീടാക്കൽ പദ്ധതി 2 പേർക്ക് ധനസാഹയ നൽകാൻ കഴിഞ്ഞു.

ഭവന നിർമ്മാണ പദ്ധതിയിൽ ചിലരെങ്കിലും ധനസഹായം പൂർണ്ണമായും വിനിയോഗിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട് മാത്രമല്ല ഭവനനിർമ്മാണം ശരിയായി പൂർത്തിയാക്കാതിരിന്നിട്ടുമുണ്ട്. ചിലർ ധനസഹായം പൂർണ്ണമായും വിനിയോഗിച്ചിട്ടില്ല. ഭവന പുനരുദ്ധാരണം ജനറൽ വിഭാഗം 25 പേർക്കും എസ്.സി. വിഭാഗത്തിൽ 14 പേർക്കും ഈ വർഷം ധനസഹായം നൽകി. അടുത്ത വർഷത്തോടെ എല്ലാ ലൈഫ്

ഗുണഭോക്താക്കൾക്കും വീട് എന്ന സ്വപ്നം യാഥാർത്ഥ്യമാക്കുന്നതിനുള്ള പരമാവധി തയ്യാറെടുപ്പുകൾ നടത്തി വരുന്നു.

പട്ടികജാതി വികസന വകുപ്പും ബ്ലോക്ക് പഞ്ചായത്തും വിവിധ പദ്ധതികൾ നടപ്പിലാക്കുകയുണ്ടായി അവ താഴെ പറയുന്നവയാണ് :-

ഭവന നിർമ്മാണം, ഭവന പുനരുദ്ധാരണം, ഭൂരഹിത ഭവനരഹിതരുടെ പുനരധിവാസം, വിവാഹധന സഹായം, മിടുക്കരായ കുട്ടികൾക്ക് പ്രോത്സാഹനം മുതലായവ. ഈ പദ്ധതികളിലും ഭവനനിർമ്മാണ പുനരുദ്ധാരണ പ്രവർത്തനങ്ങളിൽ എല്ലാ ഗുണഭോക്താക്കളുടേയും ഫണ്ട് വിനിയോഗം സമ്പൂർണ്ണമല്ല. എന്നിരുന്നാലും പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, പട്ടികജാതി വികസന ഓഫീസ് എന്നിവ വഴി നൽകിയ വീടുകളെല്ലാം തന്നെ ഉപയോഗക്ഷമതയുള്ളതാണ്.

അംഗൻവാടി മുഖേന പൂരക പോഷക പരിപാടി ബ്ലോക്ക് കേന്ദ്രവിഹിതം പഞ്ചായത്ത് വിഹിതം ഉൾപ്പെടുത്തി തുടർ പദ്ധതിയായി നല്ലരീതിയിൽ നടത്തിവരുന്നു. ഐ.സി.ഡി.എസ്. - ആരോഗ്യ വകുപ്പുമായി സമ്പൂർണ്ണ ശുചിത്വ പരിപാടികളിൽ സജീവപ്രവർത്തനം കാഴ്ചവെച്ചുവരുന്നു. മാസംതോറും അംഗൻവാടികളിലൂടെ വാർഡുതല ആരോഗ്യ പരിശോധന നടത്തുന്നു. കൂടാതെ പ്രതിരോധ കുത്തിവെയ്പ്, ആരോഗ്യ ക്ലാസ്സുകൾ എന്നിവയും നടന്നുവരുന്നു. പഞ്ചായത്തുമായി ബന്ധപ്പെട്ട് വരുന്ന പ്രവർത്തനങ്ങളിലും അംഗൻവാടി പ്രവർത്തകർ സജീവമാണ്. ഗ്രാമസഭകളിൽ പൊതുജനപങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന് ഇവർ പ്രവർത്തിക്കുന്നു. കോവിഡ് പ്രതിരോധപ്രവർത്തനങ്ങളിലും മുൻപന്തിയിൽ പ്രവർത്തികർ ഉണ്ടായിരുന്നു.

വിവിധ പദ്ധതികളിലായി രോഗപ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിന് ഹെൽത്ത് ഡിപ്പാർട്ട്മെന്റിൽ നിന്ന് മരുന്ന് വാങ്ങുന്നതിന് തുക ലഭിച്ചിട്ടുണ്ട്. ആയത് നല്ലരീതിയിൽ ജനങ്ങളിൽ എത്തിക്കുന്നതിന് സാധിച്ചിട്ടുണ്ട്. ശുചിത്വ പ്രവർത്തനങ്ങൾക്കും മഴക്കാലപൂർവ്വ രോഗങ്ങൾക്കും വിവിധ ഡിപ്പാർട്ട്മെന്റിൽ നിന്ന് ലഭിച്ച ഫണ്ടുകൾ പ്രസ്തുത പ്രവൃത്തികൾക്ക് മാതൃകാപരമായ പ്രവർത്തനങ്ങൾ നടത്തുവാൻ സാധിച്ചു

ആരോഗ്യ ഉപകേന്ദ്രമായിരുന്ന തിരൂർ സബ്സെന്ററിനെ വെൽനസ്സ് സെന്റർ ആയി ഉയർത്താൻ സധിച്ചു. ജിവിതശൈലീ രോഗനിർണ്ണയം രോഗ പ്രതിരോധകുത്തിവെയ്പുകൾ, ഗർഭണികൾക്കും കുട്ടികൾക്കുമായുള്ള സേവനങ്ങൾ തുടങ്ങിയ ആരോഗ്യസേവനങ്ങൾ ജനങ്ങളിലേക്ക് കാര്യക്ഷമമായി എത്തിക്കാൻ അതിലൂടെ സാധിച്ചു. വൃക്കരോഗികൾക്ക് ഡയാലിസിസിന് ധനസഹായം നൽകുന്നതിന് സാധിച്ചിട്ടുണ്ട്. പൂമല എഫ്.എസ്.എച്ച്.സി.യിൽ പ്രതിരോധ കുത്തിവെയ്പ് റൂം തുറന്നു. 2025 ജനുവരി 1 മുതൽ ഈവനിംഗ് ഒ.പി. പ്രവർത്തനം ആരംഭിച്ചു.

കോഴിക്കുന്ന് സബ് സെന്ററിനെ അടുത്തുതന്നെ വെൽനെസ്സ് സെന്ററായി ഉയർത്താനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്.

ചോറ്റുപാറ ആരോഗ്യ ഉപകേന്ദ്രം സ്ഥിതിചെയ്യുന്ന കെട്ടിടം ജീർണ്ണാവസ്ഥയിൽ ആയതിനാൽ പുതിയ കെട്ടിടം പണിയുന്നതിനുള്ള ഫണ്ട് ലഭ്യമായിട്ടുള്ളതാണ്. ആയതിന്റെ നിർമ്മാണ പ്രവർത്തനം പുരോഗമിക്കുന്നു.

സാന്ത്വന പരിചരണ പദ്ധതിയിൽ സ്വന്തമായി വാഹനം ഇല്ലെങ്കിലും വാടകയ്ക്കെടുക്കുന്ന വാഹനങ്ങലിലൂടെ സേവനങ്ങൾ ജനങ്ങളിലേക്കെത്തിക്കാൻ സാധിക്കുന്നുണ്ട്.

ഡിസ്പെൻസറിയിലെ രോഗികൾക്കുള്ള മരുന്നുകൾ ഒരു പരിധിവരെ സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കുവാൻ ഇതിനാൽ സാധിക്കുന്നുണ്ട്. എന്നാൽ വിവിധ കാലാവസ്ഥകളിൽ കാണുന്ന പകർച്ചവ്യാധികൾ പ്രതിരോധിക്കുവാനും, ക്യാമ്പുകൾ നടത്തുവാനും വേണ്ടിവരുന്ന മരുന്നുകൾ സ്റ്റോക്ക് ചെയ്യുവാൻ പ്രതിവർഷം അനുവദിക്കുന്ന തുക ഒരു ലക്ഷം ആക്കി ഉയർത്തേണ്ടതാണ്.

ഡിസ്പെൻസറിയിലെ ഫാർമസിയിൽ മരുന്നുകൾ പോരായ്മ ഉണ്ടാകുന്ന സാഹചര്യങ്ങളിൽ ഡി.എം.ഒ. (ഹോമിയോ) ഓഫീസിൽ നിന്നും സ്റ്റോക്കിന്റെ ലഭ്യതയ്ക്കനുസരിച്ച് മരുന്നുകളും അനുബന്ധ സാമഗ്രികളും അനുവദിച്ചു തരാറുണ്ട്. പല അത്യാവശ്യ ഘട്ടങ്ങളിലും ഈ സഹായം ഡിസ്പെൻസറിയുടെ പ്രവർത്തനത്തെ സഹായിച്ചിട്ടുണ്ട്.

പരമ്പരാഗത ജലസ്രോതസ്സുകളായ കിണറുകൾ, കുളങ്ങൾ മുതലായവയുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കുള്ള പദ്ധതികളുടെ സുഖമമായ നടത്തിപ്പിന് വേണ്ടതായ പുനരുദ്ധാരണ പ്രവർത്തനങ്ങളും പൈപ്പ് ലെൻ എക്സ്റ്റൻഷൻ, മോട്ടോർ സ്ഥാപിക്കൽ മുതലായവകളും നടത്താൻ കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ കാലങ്ങളിൽ തുടങ്ങിവെച്ചതായ കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കേണ്ടതുണ്ട്.

പഞ്ചായത്തിന്റെ കുടിവെള്ള പദ്ധതികളിൽ ഭൂരിഭാഗവും ഏറ്റെടുത്ത് നടത്തുന്നത് വാട്ടർ അതോറിറ്റിയാണ്. പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കി യഥാർത്ഥ പ്രയോജനം ലഭിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ മേഖലയുടെ വികസനത്തിന് ഒരു സുപ്രധാന പങ്ക് വഹിക്കാൻ കഴിഞ്ഞിട്ടുണ്ട്. വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന പീച്ചി പദ്ധതിയുമായി യോജിച്ച് പ്രവർത്തിക്കാൻ നമ്മുടെ പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. വാട്ടർ അതോറിറ്റി മുഖാന്തിരം ഡെപ്പോസിറ്റ് ചെയ്ത് നടപ്പിലാക്കുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാത്തത് ഈ മേഖലയിൽ വികസന മുരടപ്പിന് കാരണമാകുന്നു.

ഹരിത മിത്രം ആപ്പ് മുളങ്കുന്നത് ഗ്രാമ ഗ്രാമപഞ്ചായത്തിൽ ഹരിത മിത്രം ആപ്പ് നടപ്പാക്കുന്നതിന്റെ ഭാഗമായുള്ള ക്യു ആർ കോഡ് പതിക്കൽപൂർത്തിയായി. ക്യു ആർ കോഡ് പതിക്കുന്നതിനായി 18 ഹരിത കർമ്മ സേന അംഗങ്ങളും 11 ഓക്സിലറി അംഗങ്ങളും പ്രവർത്തനത്തിൽ ഏർപ്പെട്ടിരുന്നു. മാർച്ച് 1 മുതൽ ആപ്പുമായി ലിങ്ക് ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

ഹരിത കർമ്മ സേനയിൽ തുടക്കത്തിൽ 25 അംഗങ്ങളാണ് ഉണ്ടായിരുന്നത് ഇപ്പോൾ 21 ആക്ടീവ് വർക്കർമാരുണ്ട് പഞ്ചായത്തിൽ നിലവിൽ 16 മിനി എംസിഎഫ് പ്രവർത്തിക്കുന്നുണ്ട്. നിലവിൽ പഞ്ചായത്തിന്റെ എം.സി.എഫ്. ൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ തരം തിരിച്ച് ക്ലീൻ കേരള കമ്പനി ക്ക് കൈമാറികൊണ്ടിരിക്കുന്നു. പാഴ് വസ്തു ശേഖരണ കലണ്ടർ മുഖാന്തിരം മററ് സാമഗ്രികൾ ശേഖരിച്ചു തുടങ്ങിയിട്ടുള്ളതാണ്. നിലവിൽ ഇതെല്ലാം ക്ലീൻ കേരള കമ്പനിക്ക് തന്നെയാണ് കൈമാറികൊണ്ടിരിക്കുന്നത്.

**2024-25 വാർഷിക പദ്ധതിയിൽ ബജറ്റ് വിഹിത പ്രകാരം ലഭ്യമായ തുകയും ചെലവും**

| | **വികസനഫണ്ട്** | | | |
|---|---|---|---|---|
| ക്രമ | വിഭാഗം | 2023-24 വിഹിതം | 2024-25ലെ ചെലവ് | ചെലവ് ശതമാനം |
| 1. | പൊതുവിഭാഗം (സാധരണ വിഹിതം) | 15219000 | 8470646 | 55.65% |
| 2 | പട്ടികജാതി ഉപപദ്ധതി വിഹിതം | 5046000 | 3298072 | 65.36% |
| 3. | പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം | 0 | 0 | 0 |
| 4. | പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | | |
| | 4.1. ബേസിക് ഗ്രാന്റ് | 2564000 | 1049481 | 40.93% |
| | 4.2 ടൈഡ് ഗ്രാന്റ് | 3846000 | 3163178 | 82.24% |
| | **മെയിന്റനൻസ് ഫണ്ട്** | | | |
| 1. | റോഡിതരം | 14338000 | 9882935 | 68.92% |
| 2. | റോഡ് | 23365000 | 7766034 | 33.23% |
| | | | | |

## അദ്ധ്യായം 3
# പ്രശ്ന വിശകലനവും പ്രശ്നപരിഹാര സാധ്യതകളും

### കൃഷിയും അനുബന്ധ മേഖലകളും

നല്ല്, തെങ്ങ്, വാഴ, പച്ചക്കറി തുടങ്ങിയവ പ്രധാനമായും കൃഷി ചെയ്യുന്ന ഈ പഞ്ചായത്തിൽ പ്രധാനമായും തൊഴിലാളി ദൗർലഭ്യമാണ് ഏറ്റവും രൂക്ഷമായി അനുഭവപ്പെടുന്ന പ്രശ്നം. വർദ്ധിച്ച ഉത്പാദന ചെലവും കൂലിവർദ്ധനവും കാരണം കർഷകർ ഈ കൃഷികളിൽ നിന്നും പിന്മാറുകയാണ്. കൂടാതെ ഉത്പന്നങ്ങൾക്ക് ശരിയായ വിപണി ഇല്ലാത്തതും ഇടനിലക്കാരുടെ ചൂഷണം മൂലം ശരിയായ ഉത്പന്നങ്ങൾ ലഭിക്കാതിരിക്കുന്നതും അതീവഗുരുതരമായ പ്രശ്നങ്ങളാണ്. കൂടാതെ യന്ത്രവത്ക്കരണം പൂർണ്ണമായി കാർഷിക മേഖലയിൽ നടപ്പിലാക്കുവാൻ സാധിക്കാത്തതും പ്രധാനപ്പെട്ട പ്രശ്നമാണ്. ഗ്രാമപഞ്ചായത്തിലെ ജലസേചനതോടുകൾ, കനാലുകൾ തുടങ്ങിയവയുടെ ശോചനീയമായ അവസ്ഥയും കാർഷിക മേഖലയിൽ അനുഭവപ്പെടുന്ന പ്രധാനവെല്ലുവിളിയാണ്. യുവജനങ്ങൾ കാർഷികമേഖലയിൽ നിന്ന് അകന്നുപോകുന്നത് വരും കാലങ്ങളിൽ ഈ മേഖലയിൽ രൂക്ഷമായ പ്രതിസന്ധിയ്ക്ക് കാരണമാകും. കൂടാതെ കർഷകർക്കും കർഷകതൊഴിലാളികൾക്കും സമൂഹത്തിൽ അർഹമായ പരിഗണന ലഭിക്കാത്തതും കാർഷിക മേഖല നേരിടുന്ന പ്രധാന വെല്ലുവിളിയാണ്.

വർദ്ധിച്ച തൊഴിലാളി ദൗർലഭ്യം പരിഹരിക്കുന്നതിനായി ഗ്രാമപഞ്ചായത്തുതലത്തിൽ ലേബർ ബാങ്ക് രൂപീകരിക്കുന്നതുവഴി ഗ്രാമപഞ്ചായത്തിലെ യുവജനങ്ങൾക്കും കർഷക തൊഴിലാളികൾക്കും തൊഴിലവസരം സൃഷ്ടിക്കുവാനും, വിവിധ യന്ത്രവത്ക്കരണ മേഖലയിൽ പരിശീലനം നൽകി ഇവരുടെ അദ്ധ്വാനഭാരം ലഘൂകരിക്കുവാനും സാധിക്കും. പെൻഷൻ, ശമ്പളം, മറ്റ് അലവൻസുകൾ തുടങ്ങിയവ പഞ്ചായത്തുതലത്തിൽ രജിസ്റ്റർ ചെയ്തുപ്രവർത്തിക്കുന്ന ഇത്തരം ലേബർ ബാങ്കുകൾക്ക് നൽകുക വഴി അവരുടെ സമൂഹത്തിലുള്ള സ്ഥാനം ഉയർത്തുവാനും ഓരോ കൃഷിയിലും ആവശ്യമായ വിദഗ്ധ തൊഴിലാളികളെ സൃഷ്ടിക്കുവാനും സാധിക്കുന്നു.

ഗ്രാമപഞ്ചായത്തുതലത്തിൽ പ്രാദേശിക ഉത്പന്നങ്ങൾക്കുള്ള വിപണി സൃഷ്ടിക്കുക വഴി കർഷകർക്ക് അവരുടെ ഉത്പന്നങ്ങൾക്ക് അർഹമായ വിലലഭിക്കുന്ന കർഷക കൂട്ടായ്മയിലൂടെയായിരിക്കണം ഇത്തരം വിപണി പ്രവർത്തിക്കേണ്ടത്. കൂടാതെ ഗ്രാമപഞ്ചായത്തിൽ കൃഷി ചെയ്യുന്ന പ്രധാനവിളകൾക്കെല്ലാം (ഉദാ: നെല്ല്, തെങ്ങ്, കവുങ്ങ്, കുരുമുളക്, വാഴ, പച്ചക്കറി തുടങ്ങിയവ) ഉത്പാദനോപാധികളോടെ ധനസഹായം നൽകേണ്ടതാണ്. ജൈവവളം പ്രാദേശികമായി ഉത്പാദിപ്പിക്കുവാനായി കർഷകർക്ക് പ്രോത്സാഹനം നൽകേണ്ടതുണ്ട്.

പച്ചക്കറി കൃഷി ഓരോ വീട്ടിലും നടപ്പിലാക്കുന്നതിന് പദ്ധതികൾ രൂപീകരിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിൽ ആവശ്യമായ ഉത്പന്നങ്ങൾ എല്ലാം തന്നെ പ്രാദേശികമായി ഉത്പാദിപ്പിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതിനായി കുടുംബശ്രീ, സംഘകൃഷി തുടങ്ങിയ കർഷക ഗ്രൂപ്പുകളെ ചുമതലപ്പെടുത്തേണ്ടതാണ്. ഗ്രാമപഞ്ചായത്തിലെ തരിശായിക്കിടക്കുന്ന ഭൂമികൾ കണ്ടെത്തി ഉചിതമായ കൃഷി ആരം

ഭിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഗുണമേന്മയുള്ള വിത്ത്, വളം, മറ്റു ഉപാധികൾ സമയബന്ധിതമായി വിതരണം ചെയ്യുവാനുള്ള നടപടികൾ സ്വീകരിക്കണം.

## മൃഗസംരക്ഷണം

ക്ഷീര മേഖലയിൽ വർദ്ധിച്ചുവരുന്ന തീറ്റച്ചെലവ് ഒരു പ്രധാന പ്രശ്നമാണ്. ഇത് പാലുല്പാദനം ലാഭകരമല്ലാത്ത ഒരു അവസ്ഥയിലെത്തിച്ചിരിക്കുന്നു. അതിനാൽ കാലിത്തീറ്റ സബ്സിഡി നിരക്കിൽ നൽകുവാനുള്ള പദ്ധതികൾ വളരെ ഗുണം ചെയ്യും. മൃഗാശുപത്രികളിൽ ആവശ്യമായ മരുന്നുകൾ ലഭ്യമാക്കേണ്ടതാണ്.

ക്ഷീരമേഖലയിൽ വർദ്ധിച്ച് വരുന്ന തീറ്റചെലവിന് പരിഹാരമായി സബ്സിഡിനിരക്കിൽ കാലിത്തീറ്റ വിതരണം കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ ചെയ്ത് വരുന്നുണ്ട്. തൊഴുത്ത് നിർമ്മാണം, കറവ യന്ത്ര വിതരണം മുതലായവ നടത്തണം. ആടുവളർത്തൽ, കോഴി വളർത്തൽ, പോത്ത് കുട്ടി വളർത്തൽ മുതലായവ പ്രോത്സാഹിപ്പിക്കണം. പാലിന് സബ്സിഡി നൽകുന്ന പദ്ധതിയും കർഷകർക്ക് ആശ്വാസമാണ്.

## ചെറുകിട വ്യവസായം

അസംസ്കൃത സാധനങ്ങളുടെ ലഭ്യതകുറവ്, ഉയർന്ന ഉത്പാദന ചെലവുകൾ, പരമ്പരാഗത തൊഴിലാളികളുടെ കുറവ്, ഉയർന്ന വൈദ്യുതിചാർജ്ജ്, ആധുനിക സാങ്കേതിക വിദ്യയിലും യന്ത്രങ്ങളിലും ഉള്ള അറിവില്ലായ്മ്, പരിശീലനത്തിന്റെ അപര്യാപ്തത, വിപണനസാധ്യതകളുടെ കുറവ് എന്നിവ ചെറുകിട വ്യവസായ മേഖല നേരിടുന്ന പ്രശ്നങ്ങളാണ് ഇത് മൂലം വളരെ മുരടിച്ച വളർച്ചയാണ് ഈ മേഖലയിൽ നടക്കുന്നത്.

1 മിനിവ്യവസായ യൂണിറ്റിൽ ചെറുകിട സംരംഭങ്ങൾക്ക് സബ്സിഡി നിരക്കിൽ വൈദ്യുതി ലഭ്യമാക്കുക

2 സംരംഭങ്ങൾക്ക് വേണ്ട അസംസ്കൃത വസ്തുക്കൾ പഞ്ചായത്ത് കേന്ദ്രീകരിച്ച് കൃത്യമായ സംഭരിച്ച് വിതരണം ചെയ്യുക; പ്രത്യേകിച്ച് പരമ്പരാഗത സംരഭങ്ങൾക്കുവേണ്ടി

3 പഞ്ചായത്തിലെ വനിതാ വിപണനകേന്ദ്രം പൊതുജനങ്ങൾക്ക് കൂടി ഉപയോഗ്യമാക്കുന്നതിന് സജ്ജീകരിക്കുക

4 മിനി ഇന്റസ്ട്രിയൽ എസ്റ്റേറ്റ് ലെ ഫ്ളവർ മില്ലായി ബന്ധപ്പെട്ട് കറി പൗഡർ നിർമ്മാണം.

5 പഞ്ചായത്തിന്റെ നേതൃത്വത്തിൽ കുടുംബശ്രീ - അയൽകൂട്ടങ്ങളുടെ ഉൽപന്നങ്ങൾ വിറ്റഴിക്കുന്നതിന് വിപണന കേന്ദ്രം

6 മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് പരിശീലനവും അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കി ഉൽപന്നങ്ങളുടെ വിപണനത്തിനും സൗകര്യം ലഭ്യമാക്കുക.

## പൊതുമരാമത്ത് (ഊർജ്ജം ഉൾപ്പെടെ)

പ്രോജക്ടുകളുടെ പൂർത്തീകരണത്തിന് ആവശ്യമായ ഫണ്ടിന്റെ ലഭ്യത കുറവുമൂലം പല പദ്ധതികളും വൻവിജയത്തിലെത്തിക്കുവാൻ സാധിച്ചില്ല. പദ്ധതി നടത്തിപ്പിന് ആവശ്യമായ സമയം ലഭിക്കാതെ വരുന്നതും, ഒട്ടനവധി പദ്ധതികൾ ഒരേ സമയം നടപ്പിലാക്കിവരുന്നതും ഈ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങളാണ്. പ്രാദേശികമായും സാങ്കേതികമായും വരുന്ന പ്രശ്നങ്ങൾ പദ്ധതി നടത്തിപ്പിന് തടസ്സമായി വരുന്ന കാരണങ്ങളാണ്.

ഈ മേഖലയിൽ ആവശ്യമായ വൻതുക കേന്ദ്രീകരിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ, ജില്ലാ പഞ്ചായത്ത്,

ബ്ലോക്ക് പഞ്ചായത്ത് ഫണ്ടുംകൂടി യോജിപ്പിച്ച് സംയോജിതമായി നടപ്പിലാക്കുക. പദ്ധതി നടത്തിപ്പിന് ആവശ്യമായ സമയലഭ്യതയ്ക്ക് പദ്ധതിയിൽ പെട്ടെന്ന് തയ്യാറാക്കി ടെണ്ടർ നടപടികൾ പൂർത്തീകരിക്കുക. നടപ്പിലാക്കാൻ കഴിയാതാവുന്ന പദ്ധതിയുടെ എണ്ണം ക്രമീകരിക്കുക.

## ദാരിദ്ര്യ ലഘൂകരണം

ജനകീയാസൂത്രണ പ്രസ്ഥാനം തുടങ്ങിയ 9-ാം പദ്ധതികാലം മുതൽ തന്നെ ദാരദ്ര്യലഘൂകരണം ലക്ഷ്യമാക്കി നിരവധി പദ്ധതികൾ നമ്മൾ നടപ്പിലാക്കുകയുണ്ടായി. എന്നിരുന്നാലും അവയുടെ ഫലപ്രാപ്തി, കാര്യക്ഷമത തുടങ്ങിയവ നമ്മൾ ഈ അവസരത്തിൽ വിലയിരുത്തേണ്ടതുണ്ട്. ഭവന നിർമ്മാണ മേഖലയിൽ മലയോര കർഷകരായ വിഭാഗത്തിന് പട്ടയം ലഭ്യമാക്കാത്തത് വലിയൊരു തടസ്സമായി നിലനിൽക്കുന്നു. പട്ടയം ലഭ്യമാക്കാൻ ശ്രമം തുടങ്ങിയിട്ട് നാളുകൾ ഏറെയായെങ്കിലും നമുക്ക് ലക്ഷ്യത്തിലെത്താൻ കഴിഞ്ഞിട്ടില്ല. പട്ടയം ലഭിച്ചു കഴിഞ്ഞാൽ മാത്രമെ ഇവർക്ക് ഭവന നിർമ്മാണ ധനസഹായം നൽകാൻ കഴിയു. ഇതിന്റെ രൂക്ഷത ഏറെ അനുഭവിക്കുന്നത് പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരാണ്. അർഹരായവരെ കിട്ടാതെ പദ്ധതി നടപ്പിലാക്കാൻ പറ്റാതെയായിരിക്കുന്നു. രേഖകൾ ഉള്ള മുഴുവൻ ജനറൽ വിഭാഗത്തിൽപ്പെട്ടവർക്കും വീട് നൽകാൻ കഴിയാത്തതും ഒരു പ്രശ്നമായി നിലനിൽക്കുന്നു.

ആശ്രയ ഗുണഭോക്താക്കൾക്ക് മുഴുവൻ ഇനിയും ഭൂമിയും വീടും നൽകാൻ കഴിഞ്ഞിട്ടില്ല. ഈ വർഷം അത് പരിഹരിക്കണം. അതിനുശേഷം പുതിയ പദ്ധതി തയ്യാറാക്കി സർക്കാരിലേക്ക് സമർപ്പിക്കേണ്ടതുണ്ട്.

തൊഴിലുറപ്പുപദ്ധതി കാർഷിക വൃത്തിയിൽ വിളവെടുപ്പിനുവേണ്ടി ഉപയോഗിക്കാൻ കഴിയാത്തത് ഒരു വലിയ പ്രശ്നം തന്നെയാണ്.

സ്വയംതൊഴിൽ സംരംഭങ്ങളുടേയും, ചെറുകിട വ്യവസായങ്ങളുടേയും കുറവ്, കുടിവെള്ള ദൗർലഭ്യം എന്നിവ ഇപ്പോഴും നിലനിൽക്കുന്നുണ്ട്. കൂടാതെ 2009 ൽ പ്രസിദ്ധീകരിച്ച ബി.പി.എൽ. ലിസ്റ്റിൽ അർഹതപ്പെട്ട അനേകം കുടുംബങ്ങൾ ഉൾപ്പെട്ടിട്ടില്ല. ഇതുമൂലം ഇവർക്ക് അർഹതപ്പെട്ട പല സഹായങ്ങളും ലഭ്യമാക്കാൻ കഴിയുന്നില്ല.

മദ്യപാനം, ലഹരി ഉപയോഗം എന്നിവ മൂലം അനേകം കുടുംബങ്ങൾ ദാരിദ്ര്യത്തിൽ തന്നെ ജീവിക്കുന്നു. തൊഴിലില്ലായ്മയും ഇതിനോടനുബന്ധിച്ചുള്ള പ്രശ്നങ്ങൾക്ക് ആക്കം കൂട്ടും. ഇതുമൂലം ധാരാളം കുടുംബങ്ങൾ നിത്യദാരിദ്ര്യത്തിൽ തന്നെ അവശേഷിക്കുന്നു.

- അർഹതപ്പെട്ട എല്ലാ കുടുംബങ്ങൾക്കും എസ്.സി., ജനറൽ വ്യത്യാസമില്ലാത്ത പുതിയ വാസയോഗ്യമായ വീട് നൽകുക, സ്ഥലം ഇല്ലാത്തവർക്ക് സ്ഥലം നൽകുക.
- പുതിയ ആശ്രയ പദ്ധതി തയ്യാറാക്കുക
- കർഷകർക്ക് കൊയ്ത്തിനുൾപ്പെടെയുള്ള കാർഷിക വൃത്തികൾക്ക് എം.ജി.എൻ.ആർ.ഇ.ജി.എസ്. തൊഴിലാളികളുടെ സേവനം ലഭ്യമാക്കുക.
- അഭ്യസ്ഥ വിദ്യരായവർക്ക് സ്വയംതൊഴിലിന് പരിശീലനം ലഭ്യമാക്കുക
- അർഹരായ എല്ലാവർക്കും ക്ഷേമപെൻഷനുകൾ ലഭ്യമാക്കുക
- വൃദ്ധരായവർക്ക് ആരോഗ്യ പരിരക്ഷ ഉറപ്പാക്കുക
- മൂന്നുമാസത്തിലൊരിക്കൽ ജനങ്ങൾക്ക് മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുക

- വീട് വയറിംഗ്, കക്കൂസ് നിർമ്മാണം, വീട് റിപ്പയർ എന്നിവയ്ക്ക് ധനസഹായം ലഭ്യമാക്കുക
- സമുഹത്തിൽ മദ്യപാനം, ലഹരി ഉപയോഗം എന്നിവക്കെതിരെ ശക്തമായ ബോധവത്ക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

## സാമൂഹ്യക്ഷേമം

സ്ഥിര ചികിത്സ ആവശ്യമായി വരുന്ന വികലാംഗർക്ക് വേണ്ടി കുടുംബവരുമാനത്തിന്റെ നല്ലൊരുപങ്ക് ചെലവഴിക്കേണ്ടിവരുന്നത് കുടുംബത്തെ സാമ്പത്തിക തകർച്ചയിൽ എത്തിക്കുന്നു. ചലന വൈകല്യമുള്ളവർക്ക് സഞ്ചരിക്കുന്നതിന് അനുയോജ്യമായ വാഹനങ്ങൾ ഇല്ലാത്തത് ഒരു പ്രശ്നമാണ്. പരിചരിക്കുന്നതിന് വീട്ടിൽ ആളില്ലാത്തവരെ പുനരധിവസിപ്പിക്കേണ്ടതാണ്. മാനസിക വൈകല്യമുള്ളവർക്ക് പഠന സ്കോളർഷിപ്പും വീട്ടിലിരുന്ന് പഠിക്കാത്തവർക്ക് ലഭിക്കാത്തത് ഒരു പ്രശ്നമാണ്. വികലാംഗരായവർക്ക് സ്വയം പര്യാപ്തത നൽകും വിധത്തിലുള്ള തൊഴിൽ പരിശീലനം ലഭിക്കാത്തത് അവരിലെ തൊഴിലില്ലായ്മ സൃഷ്ടിക്കുവാൻ  കാരണമാകുന്നു. ശാരീരിക അവശതകൾ അനുഭവിക്കുന്ന വൃദ്ധജനങ്ങൾക്ക് പാകം ചെയ്ത ഭക്ഷണം ലഭിക്കേണ്ടതുണ്ട്.

1. സ്ഥിര ചികിത്സ ആവശ്യമായ വികലാംഗർക്ക് ചികിത്സാ ധനസഹായം നൽകണം.
2. വികലാംഗർക്ക് ആവശ്യമായ സഹായ ഉപകരണങ്ങൾ ലഭ്യമാക്കണം. പരിചരണം ആവശ്യമായ വികലാംഗർക്ക് പെയിൻ ആന്റ് പാലിയേറ്റീവ് കെയർ മാതൃകയിൽ പരിചരണം നൽകണം. സ്ഥാപനങ്ങളിൽ പോയി പഠിക്കാൻ കഴിയാതെ വീട്ടിലിരുന്ന് പഠിക്കുന്ന വികലാംഗ വിദ്യാർത്ഥികൾക്കും പഠന സ്കോളർഷിപ്പ് ലഭ്യമാക്കണം.
3. തൊഴിൽ അധിഷ്ഠിത പരിശീലനം നൽകി വികലാംഗർക്ക് അനുയോജ്യമായ തൊഴിൽ കണ്ടെത്തി അവരെ സ്ഥിരംവരുമാനം ലഭിക്കുന്നവരും സ്വയം പര്യാപ്തമാക്കണം.

## പട്ടികജാതി വികസനം

അടിസ്ഥാന സൗകര്യ വികസനം പരമപ്രധാന ആവശ്യമായിരിക്കെ പട്ടികജാതിക്കാരുടെ ഭവനസഹായപദ്ധതിയിൽ പ്രധാന പ്രശ്നമായികാണുന്നത്. അനേകം പട്ടികജാതി കുടുംബങ്ങൾക്ക് അവരുടെ ഭൂമിയ്ക്ക് പട്ടയം ലഭ്യാക്കാതിരിക്കുന്നത് മൂലമാണ് അർഹതയുള്ള അനേകം കുടുംബങ്ങൾക്ക് വ്യാസയോഗ്യമായ വീട് ലഭ്യമാക്കാൻ സാധിക്കാത്തത്. ദുരഹിതഭവനരഹിതരെ പുനരധിവസിപ്പിക്കുന്നതിന് ഭൂമിഏറ്റെടുക്കുന്നതിന് ഇന്നത്തെ ഭൂമിവിലയും സാഹചര്യങ്ങളും തടസ്സം സൃഷ്ടിക്കുന്നതിനാൽ നിരവധി കുടുംബങ്ങൾ വീടില്ലാതെ കഷ്ടപ്പെടുന്നു. കൂടാതെ റേഷൻ കാർഡ് ഇല്ലാത്ത കുടുംബങ്ങളും നിരവധിയാണ്. അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി കുടിവെള്ള സൗകര്യങ്ങളും ശുചിത്വ സൗകര്യങ്ങളും പലയിടത്തും ലഭ്യമാക്കിയിട്ടില്ല. ശുചിത്വ കക്കൂസുകളുടെ അഭാവം പലതരം ആരോഗ്യ പ്രശ്നങ്ങൾക്ക് വഴി തെളിയിക്കുന്നു. സ്ഥല പരിമിതി മാലിന്യനിർമ്മാർജ്ജനത്തിന് വിഘ്നം സൃഷ്ടിക്കുന്നു.

യുവജനങ്ങളുടെ ഇടയിൽ ഉന്നത വിദ്യാഭ്യാസം ഉള്ളവരുടെ അഭാവം കാണാം. ഇത് തൊഴിലില്ലായ്മയിലേക്ക് നയിച്ചിരിക്കുന്നു. മദ്യപാനം, പുകയില തുടങ്ങിയ ലഹരി പദാർത്ഥങ്ങളുടെ ഉപഭോഗം പട്ടികജാതി പട്ടികവർഗക്കാർക്കിടയിൽ വലിയൊരു സാമൂഹ്യ പ്രശ്നമായി നിലനിൽക്കുകയും ദിനംപ്രതി വളർന്ന് കൊണ്ടിരിക്കുകയും ചെയ്യുന്നു. ഇത് കുടുംബങ്ങളുടെ സാമൂഹ്യ സാമ്പത്തിക സ്ഥിതിയെ വളരെ ഗുരുതരമായി ബാധിക്കുന്നു.

- ജനങ്ങളുടെ അടിസ്ഥാനസൗകര്യ വികസനം അതിപ്രധാനമാണ്. ഇതിൽ ജനങ്ങൾക്ക് വാസയോഗ്യമായ ഗൃഹങ്ങൾ, കുടിവെള്ള സൗകര്യങ്ങൾ, ശുചിത്വ സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കുക. യുവാക്കൾക്ക് തൊഴിൽ പരിശീലനങ്ങൾ നൽകുക, പി.എസ്.സി. കോച്ചിംഗ് ക്ലാസുകൾ സംഘടിപ്പിക്കുക

- കുട്ടികൾക്ക് ഉപരിപഠനത്തിനുള്ള സൗകര്യങ്ങൾ ചെയ്ത് കൊടുക്കുക
- കൗൺസലിംഗ് ക്ലാസ് സംഘടിപ്പിക്കുക
- എസ്.സി. കലാകാരന്മാർക്ക് വാദ്യോപകരണങ്ങൾ വാങ്ങി നൽകുക
- കോളനികൾ കേന്ദ്രീകരിച്ച് മാലിന്യ സംസ്കരണത്തിന് ബയോഗ്യാസ് പ്ലാന്റ് നിർമ്മിക്കുക
- കോളനികൾ കേന്ദ്രീകൃത സോളാർ സംവിധാനം സ്ഥാപിക്കുക
- ഉന്നത വിദ്യാഭ്യാസത്തിന് തൊഴിലിനായ അന്യരാജ്യങ്ങളിലേക്ക് പോകുന്നവർക്ക് ധനസഹായം നൽകുക.

## സ്ത്രീകളുടേയും കുട്ടികളുടേയും വികസനം

അംഗൻവാടികൾ സംബന്ധിച്ച പ്രശ്ന പരിഹാരത്തിനായി ഓരോന്നിനും പ്രത്യേകം പ്രോജക്ടുകൾ കൊണ്ടുവരേണ്ടതാണ്. ഇതിനായി ജില്ലാ ബ്ലോക്ക് പഞ്ചായത്തുകളുടെ ധനസഹായം ലഭ്യമാക്കേണ്ടതാണ്. അംഗൻവാടികളിൽ സ്ഥാപിച്ചിട്ടുള്ള ഔട്ട് ഡോർ കളികോപ്പുകൾ കേടുവന്ന അവസ്ഥയിലുള്ളത് മാറ്റി സ്ഥാപിക്കുക ഇവ സൂക്ഷിക്കുന്നതിന്റെ മുന്നോടിയായി സ്വന്തം കെട്ടിടമുള്ള എല്ലാ അംഗൻവാടികൾക്കും ചുറ്റുമതിൽ ഉണ്ടാക്കുകയും വേണം.

പദ്ധതികാലയളവിലും മുൻവർഷങ്ങളിലും തുടർച്ചയായി നല്ലരീതിയിൽ നടന്നുവരുന്ന ഒന്നാണ് അംഗൻവാടി പോഷകാഹാര പദ്ധതി. അംഗൻവാടികൾ വഴി 6 മാസം മുതൽ 3 വയസ്സ് വരെ പ്രായമുള്ള പോഷകാഹാരം ആവശ്യപ്പെടുന്ന എല്ലാകുട്ടികൾക്കും പോഷകാഹാരം നൽകുന്നുണ്ട്. അംഗൻവാടിയിൽ വരുന്ന പ്രീ സ്കൂൾ കുട്ടികൾക്ക് 50 ഗ്രാം അരിയും 15 ഗ്രാം പയറും ഉപയോഗിച്ച് ഉച്ചഭക്ഷണം കറിയും പൂരകപോഷകമിശ്രിതവും ശർക്കരയും ചേർത്ത് വിവിധതരം പലഹാരവും കുറുക്കും എല്ലാദിവസവും കാലത്ത് നൽകുന്നു. ആഴ്ചയിൽ 3ദിവസം മുട്ടയും, 2 ദിവസം പാലും നൽകിവരുന്നു. 1 ദിവസം പഞ്ചായത്ത് 2 ദിവസം മുട്ട സംസ്ഥാന സർക്കാർ മുഖേന നൽകുന്നു. ദിവസം പ്രത്യേകമായി പുഴുങ്ങിയ മുട്ടയും, ഗോതമ്പ്, ശർക്കര, തേങ്ങയും ചേർത്ത് പായസം രണ്ട് ദിവസവും, നുറുക്കും, ഗോതമ്പ്, വെളിച്ചെണ്ണ, കപ്പലണ്ടി, പച്ചക്കറികൾ, ഇലക്കറികൾ എന്നിവ ചേർത്ത് നാല് ദിവസം ഉപ്പ് മാവും നൽകിവരുന്നു. ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ എച്ച്.ആർ.എസ്. ആയി ജനനി പ്ലസ് മിശ്രിതം മാസം 2 കി.ലോ. വച്ച് നൽകുന്നു. കൗമാര പ്രായക്കാരായ പെൺകുട്ടിൾക്ക് ടി.എച്ച്.ആർ.എസ്. ആയി 2 കിലോഗ്രാം പൂരക പോഷക മിശ്രിതം മാസത്തിലൊരിക്കൽ വിതരണം ചെയ്യുന്നു. ആരോഗ്യമുള്ള അമ്മയ്ക്കേ ആരോഗ്യമുള്ള കുഞ്ഞിന് ജന്മം നൽകാൻ കഴിയൂ എന്നതിന്റെ അടിസ്ഥാനത്തിലാണ് കൗമാരക്കാരായ പെൺകുട്ടികൾക്ക് പോഷകാഹാരം നൽകുന്നത്. സർക്കാർ നിർദ്ദേശിച്ചിട്ടുള്ള അളവിൽ 6 മാസം മുതൽ 3 വയസ്സ് വരെയുള്ള കുട്ടികൾക്ക് 3.375 ഗ്രാം പൂരക പോഷക മിശ്രിതം ടി.എച്ച്.ആർ.എസ്. ആയി മാസത്തിലൊരിക്കൽ വീടുകളിലേക്ക് കൊടുത്തയക്കുകയും ഓരോ മാസവും കുട്ടികളുടെ തൂക്കം പരിശോധിച്ച് ഗ്രോത്ത് ചാർട്ടിൽ രേഖപ്പെടുത്തി വളർച്ച നിരീക്ഷണം നടത്തുന്നു.

പൂരക പോഷകാഹാര വിതരണം കൃത്യമായി നടക്കുന്നതുകൊണ്ട് ഗുണഭോക്താക്കളിലെ പോഷകാഹാര കുറവ് വിളർച്ച എന്നിവ പരിഹരിക്കാൻ കഴിയുന്നു. പുതുതായി ജനിക്കുന്ന കുഞ്ഞുങ്ങളുടെ ജനന ഭാരം കൂടുന്നതിനും ശിശുമരണ നിരക്ക് മാതൃമരണ നിരക്ക് എന്നിവ കുറയ്ക്കുന്നതിന് അംഗൻവാടി പോഷകാഹാര പദ്ധതി മൂലം സാധിക്കുന്നു.

## ആരോഗ്യം

- സബ്സെന്റർ ചോറ്റുപാറ, കോഴിക്കുന്ന എന്നിവിടങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത രോഗികൾക്ക് ബുദ്ധിമുട്ട് സൃഷ്ടിക്കുന്നു. ഹെൽത്ത് വെൽനെസ്സ് സെന്ററുകളായി അവയെ

ഉയർത്താൻ കൂട്ടായ പരിശ്രമം ആവശ്യമാണ്. വയോജന പരിചരണം, എൻ.സി.ഡി. ക്ലീനിക്കുകൾ, കൗമാര ക്ലബ്ബുകൾ തുടങ്ങിയ പരിപാടികൾ പൊതുജനങ്ങൾക്ക് ഉപകാരപ്പെടുത്തുംവിധം നടത്തുന്നതിന് തന്മൂലം വിഷമം നേരിടുന്നുണ്ട്.

- സാന്ത്വന പരിചരണത്തിന് സ്വന്തമായി വാഹനമില്ലാത്തത് ബുദ്ധിമുട്ട് സൃഷ്ടിക്കുന്നു.
- ഫാമിലി ഹെൽത്ത് സെന്ററിൽ സ്റ്റാഫ് നഴ്സ്, ഫാർമസിസ്റ്റ് എന്നിവരുടെ അഭാവം രോഗികൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിന് തടസ്സം സൃഷ്ടിക്കുന്നു.
- ഫാമിലി ഹെൽത്ത് സെന്റർ ആയി ഉയർത്തിയിട്ടും ഡോക്ടർറുടെയും ജീവനക്കാരുടെയും കുറവ് മൂലം ഉച്ചതിരിഞ്ഞുള്ള പരിശോധന നടത്താൻ സധിക്കുന്നില്ല.

## ആയുർവ്വേദം

- കൂടുതൽ വൃദ്ധജനങ്ങൾ ചികിത്സയ്ക്കായി സ്ഥാപനത്തെ ആശ്രയിക്കുന്നതിൽ പലരും ദൂരപ്രദേശത്ത് നിന്ന് എത്തുന്നു. ആയതിനാൽ പഞ്ചായത്തിന്റെ അതിർത്തി പ്രദേശത്തുള്ള വാർഡുകളിലെ രോഗികൾക്കായി സബ്സെന്റർ തുടങ്ങേണ്ടതാണ്.
- വൃദ്ധജനങ്ങളുടെ ആരോഗ്യപരിപാലനം പദ്ധതി (ആയുർവ്വേദം) തുടർ പദ്ധതിയായി നടപ്പാക്കാത്തതിനാൽ മരുന്നുകളുടെ ലഭ്യതകുറവ് ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നു.
- സ്ഥാപനത്തിന് ചുറ്റുമുള്ള സ്ഥലത്ത് തൊഴിലുറപ്പ് പദ്ധതിയുടെ സഹായത്തോടെ ഔഷധ സസ്യങ്ങൾ നട്ടുപിടിപ്പിക്കേണ്ടതാണ്.

## ഹോമിയോപ്പതി

1 ഹോമിയോ ഡിസ്പെൻസറി കൂടുതൽ ജനങ്ങൾക്ക് പ്രാപ്യമായ രീതിയിൽ മാറ്റി സ്ഥാപിക്കാൻ 14-ാം വാർഡിൽ സ്ഥലം കണ്ടെത്തിയിട്ടുള്ളതിൽ എത്രയും വേഗം ആശുപത്രി കെട്ടിടം ആയുഷ് നിർദ്ദേശ പ്രകാരമുള്ള സൗകര്യങ്ങളോടുകൂടി നിർമ്മിക്കാനുള്ള നടപടികൾ ആവശ്യമാണ്.

2 നിലവിൽ സ്ഥാപനം ആയുഷ് ഹെൽത്ത് ആന്റ് വെൽനെസ് സെന്ററായി ഉയർത്തൻ നിർദ്ദേശം ഉള്ളതിനാൽ കുറച്ച് അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും കെട്ടിടത്തിനു മെയിന്റനൻസ് പ്രവർത്തനങ്ങൾ ആവശ്യവുമാണ്.

3 ആയുഷ് ഹെൽത്ത് ആന്റ് വെൽനസ്സ് സെന്ററിന്റെ പ്രവർത്തനം യോഗ ട്രെയ്നിംഗ് എന്നിവയെല്ലാം വാർഡ്സുകളിലും എത്തിക്കേണ്ടതായിട്ടുണ്ട്.

4 ഫർണീച്ചർ, അലമാര തുടങ്ങിയവ സ്ഥാപലത്തിലേയ്ക്ക് ആവശ്യുണ്ട്.

## കുടിവെള്ളം/ശുചിത്വം

പൂമല, പൂളായ്ക്കൽ മുതലായ പ്രദേശങ്ങളിൽ ഇപ്പോഴും രൂക്ഷമായ കുടിവെള്ള ക്ഷാമം നിലനിൽക്കുന്നുണ്ട്. ഉയർന്ന പ്രദേശമായതിനാലും, നിലവിലുള്ള കുഴൽ കിണറുകളിലെ വെള്ളം ക്രമാതീതമായി താഴ്ന്നുപോകുന്നതും പ്രശ്നം രൂക്ഷമാക്കാൻ കാരണമാകുന്നു. മാലിന്യ സംസ്കരണത്തിന് ആവശ്യമായ സ്ഥലം ലഭിക്കുന്നില്ല.

പൊതുഇടങ്ങളിൽ കെട്ടികിടക്കുന്ന മാലിന്യം ക്ലീൻ കേരള കമ്പനി മുഖേന നീക്കം ചെയ്യുന്നു. ഹരിത കർമ്മസേനയിൽ 25 അംഗങ്ങൾ ഉണ്ട്. ഇവർ മാലിന്യ നിർമ്മാർജ്ജനത്തെക്കുറിച്ച് ബോധവത്കരണം നട

ത്തുകയും വീടുകളിൽ നിന്നും വ്യവസായസ്ഥാപനങ്ങളിൽ നിന്നും പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുകയും ചെയ്യുന്നു.

## വിദ്യാഭ്യാസം, കല, സംസ്കാരം, കായിക വികസനം, യുവജനക്ഷേമം

വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട് സർവ്വ ശിക്ഷാ അഭയാൻ പഞ്ചായത്ത് വിഹിതം അടവാക്കുന്നുണ്ട്. എന്നാൽ പ്രസ്തുത പദ്ധതിയുടെ യാഥാർത്ഥ പ്രയോജനം മനസ്സിലാക്കുന്നതിനും വിലയിരുത്തുന്നതിനും ആവശ്യമായ വിനിയോഗ സാക്ഷ്യപത്രങ്ങളോ റിപ്പോർട്ടുകളോ കണക്കുകളോ എസ്.എസ്.എ. പദ്ധതി നിർവ്വഹണം നടത്തുന്നവരിൽ നിന്നും ലഭിക്കുന്നില്ല. പഞ്ചായത്തിലെ ക്ലബ്ബുകൾ കേന്ദ്രീകരിച്ച് യുവജനങ്ങളുടെ കൂട്ടായ്മ ഉണ്ടാകുന്നുണ്ടെങ്കിലും കലാകായിക സംരംഭങ്ങൾ തനതായി സംഘടിപ്പിക്കുന്ന ക്ലബ്ബുകൾ ഇല്ലെന്നുതന്നെ പറയാം. എയ്ഡഡ് മേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അക്കാദമിക് നിലവാരം ഉയർത്തുന്നതിനായി നടപടികൾ ഒന്നും തന്നെ സർക്കാർ തലത്തിൽ ഉണ്ടാകുന്നില്ല. കേരളോത്സവം, പൈക എന്നിവ പഞ്ചായത്തുകളിൽ നടത്തിവരുന്നുണ്ടെങ്കിലും ആയതിന് പൂർണ്ണ ഫലപ്രാപ്തി പലപ്പോഴും ലഭ്യമാകുന്നില്ല.

- മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്തിൽ ഒരു സർക്കാർ സ്കൂൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കണം.
- പഞ്ചായത്തിൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനും തൊഴിലധിഷ്ഠിത കോഴ്സുകൾ നടപ്പിലാക്കുന്നതിനും ആവശ്യായ നടപടികൾ സർക്കാർ തലത്തിൽ ഉണ്ടാകണം.
- സ്കൂളുകളിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുവാൻ പൊതുജന പങ്കാളിത്തത്തോടും പി.ടി.എ.യും ഉൾപ്പെടുത്തി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കണം.
- എയ്ഡഡ് മേഖലയിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും അക്കാദമിക് നിലവാരം ഉയർത്തുന്നതിനുമായി എം.പി. ഫണ്ട് എം.എൽ.എ. ഫണ്ട് എന്നിവ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുക.
- സ്കൂളുകളിൽ ലഹരി പദാർത്ഥങ്ങൾ, നിരോധിത വസ്തുക്കളായ പാൻമസാല എന്നിവയ്ക്കെതിരെ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കണം.
- കായിക രംഗത്തുള്ള പ്രതിഭകളെ കണ്ടെത്തി പരിശീലനം നൽകുന്നതിന് യുവജനക്ലബ്ബുകളുടെ സഹരണത്തോടെ ക്യാമ്പുകൾ സംഘടിപ്പിക്കുകയും ജില്ലാ സ്പോർട്സ് കൗൺസിൽ നിന്നും ലഭ്യമാകുന്ന മുഴുവൻ സാമ്പത്തിക സാങ്കേതിക സ്രോതസ്സുകളും ഉപയോഗപ്പെടുത്തണം.
- യുവജനക്ലബ്ബുകളുടെ പ്രവർത്തനങ്ങളിൽ വായനശീലം വളർത്തുന്നതിനാവശ്യമായ സാഹചര്യം ഉണ്ടാക്കുക
- യുവജനക്ഷേമബോർഡുമായി ചേർന്ന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് പഞ്ചായത്തിലെ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ സുസജ്ജമാക്കുക.

## അദ്ധ്യായം 4

# വികസന കാഴ്ചപ്പാട്, ലക്ഷ്യങ്ങൾ, തന്ത്രം

## പൊതുഭരണവും ധനകാര്യവും

**വികസനകാഴ്ചപ്പാട്**

പൊതുജനങ്ങൾക്കായി പരമാവധി സേവനം പരമാവധി വേഗത്തിൽ എന്ന ലക്ഷ്യമാണ് സദ്ഭരണത്തിനുള്ളത് മുഴുവൻ ജനങ്ങൾക്കും കുറഞ്ഞ സമയത്തിനുള്ളിൽ സേവനം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ഓൺലൈൻ അപേക്ഷ സംവിധാനം ഐ.എൽ.ജി.എം.എസ്. ആരംഭിച്ചിട്ടുണ്ട്. പഞ്ചായത്തിന് വിട്ടുകിട്ടിയിട്ടുള്ള സ്ഥാപനങ്ങളായ കൃഷിഭവൻ, പ്രാഥമിക ആരോഗ്യ കേന്ദ്രം, കുടുംബാരോഗ്യകേന്ദ്രം, മൃഗാശുപത്രി, ആയുർവ്വേദ ആശുപത്രി, ഹോമിയോ ആശുപത്രി എന്നീ സ്ഥാപനങ്ങളിൽ പൊതുജനങ്ങൾക്ക് പരമാവധി സേവനം ഉറപ്പാക്കുവാൻ ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ നേടണം. പഞ്ചായത്തുമായി ബന്ധപ്പെട്ട ഏതൊരാൾക്കും ഫ്രണ്ട് ഓഫീസ് സംവിധാനം വഴിയോ അപേക്ഷകൾ ഓൺലൈൻ ആയോ നൽകും. നിലവിലുള്ള കെട്ടിടം പൊളിച്ചുനീക്കി പുതിയ പഞ്ചായത്ത് ഓഫീസും ഷോപ്പിംഗ് കോപ്ലക്സും പഞ്ചായത്തിന്റെ ഘടക സ്ഥാപനങ്ങളും അടക്കമുള്ള നവീകരിച്ച കെട്ടിടം നിർമ്മിക്കുക എന്നുള്ളതാണ് കാഴ്ചപ്പാട്. കടുംബശ്രീ പ്രവർത്തകർ ആശാവർക്കേഴ്സ് അങ്കണവാടി ജീവനക്കാർ എന്നിവരുടെ സേവനത്തെ ഏകോപിപ്പിക്കാൻ പഞ്ചായത്ത് മേൽനോട്ടം വഹിക്കുന്നു. പഞ്ചായത്തിൽ നിന്നും പൊതുജനങ്ങൾക്ക് ലഭ്യമാകേണ്ട എല്ലാ സേവനങ്ങളുടേയും വിശദാംശങ്ങൾ പൗരാവകാശ രേഖ വർഷം തോറും പുതുക്കി തയ്യാറാക്കുന്നു. എല്ലാ ജനപ്രതിനിധികളുടേയും ജീവനക്കാരുടേയും സുതാര്യവും കാര്യക്ഷമവുമായ കൂട്ടായ പ്രവർത്തനം പഞ്ചായത്തിന്റെ പൊതുഭരണത്തിന്റെ അടിസ്ഥാനമായി മാറുന്നു.

**ലക്ഷ്യങ്ങൾ**

എല്ലാ സേവനങ്ങളും സമയബന്ധിതമായി പൊതുജനങ്ങൾക്ക് ലഭ്യമാകുന്നതിന് ആവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് 14-ാം പഞ്ചവത്സര പദ്ധതിയിൽ പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. പ്രസ്തുത പ്രവർത്തനങ്ങൾ വിജയകമായി പൂർത്തീകരിക്കുന്നതിന് സംസ്ഥാന സർക്കാരുകളിൽ നിന്നും അനുകൂലമായ സമീപനം ഉണ്ടാകേണ്ടതായിട്ടുണ്ട്.

**വികസനതന്ത്രം**

ഗ്രാമപഞ്ചായത്തിലെയും ഘടകസ്ഥാപനങ്ങളിലെയും ഉദ്യോഗസ്ഥരും പഞ്ചായത്ത് ഭരണസമിതിയും കൂട്ടായ പ്രവർത്തനങ്ങളിലൂടെ പഞ്ചായത്തിന്റെ പൊതുവായ വികസന പ്രവർത്തനങ്ങളും ജനസേവനവും ഫലപ്രാപ്തിയിലെത്തിക്കുന്നതിന് പ്രവർത്തിക്കുന്നതാണ്. കൂടുതൽ മികച്ചതും ജനോപകാര പ്രദവുമായ പദ്ധതികൾ 14-ാം പഞ്ചവത്സര പദ്ധതിയിൽ സദ്ഭരണത്തിന് കൂടുതൽ പ്രാമുഖ്യം നൽകികൊണ്ട് ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള ശ്രമത്തിലാണ്.

## കൃഷി

**വികസനകാഴ്ചപ്പാട്**

പഞ്ചായത്തിലെ കാർഷിക മേഖല അഭിമുഖീകരിക്കുന്ന രൂക്ഷമായ പ്രശ്നം ജലക്ഷാമം, പരിസ്ഥിതി മലിനീകരണം, കാർഷിക ഉത്പന്നങ്ങളുടെ വിലയിടിവ്, വിപണന സൗകര്യമില്ലായ്മ എന്നിവയാണ്. വായു, വെള്ളം, മണ്ണ് തുടങ്ങിയവയെ സംരക്ഷിച്ചുകൊണ്ട് പരിസ്ഥിതിക്ക് ദോഷംവരാത്ത വികസന പ്രവർത്തന

ങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുക. തൊഴിലവസരങ്ങൾ കാർഷിക മേഖലയിൽ സൃഷ്ടിക്കുക. ഭക്ഷ്യസുരക്ഷ കൈവരിക്കുക.

**ഉൽപാദന മേഖലയിൽ നീർത്തടാധിഷ്ഠിത വികസനം**

ശാസ്ത്രീയമായ വിഭവാധിഷ്ഠിത ആസൂത്രണമാണ് സുസ്ഥിര വികസനത്തിന് ആധാരം. ഇതിനുള്ള പ്രായോഗിക മാർഗ്ഗമാമ് നീർത്തടാധിഷ്ഠിത സമീപനം ഒരു പ്രദേശത്ത് നീർത്തടാധിഷ്ഠിത വികസനം കൈവിക്കുന്നതിന് ചെറുനീർത്തടങ്ങളെ അടിസ്ഥാന യൂണിറ്റായി പരിഗണിച്ച് പ്രകൃതി വഭവ സംരക്ഷണത്തിനും പരിപാലനത്തിനും ഉതകുന്ന തരത്തിലുള്ള അനുയോജ്യമായ ഇടപെടൽ പ്രവർത്തനങ്ങൾ ആസൂത്രണ ചെയ്യാനുള്ള ഉപാധിയാണ് നീർത്തട മാസ്റ്റർ പ്ലാൻ. ഉല്പാദനമേഖലയിൽ നീർത്തടാധിഷ്ഠിത വികസന സമീപനം ദീർഘകാല അടിസ്ഥാനത്തിൽ കൃഷി - ജലസേചന മേഖലയിലെ ഇടപെടൽ പ്രവർത്തനങ്ങൾ ശാസ്ത്രീയമായി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് മൈക്രോവാട്ടർഷെഡ് പ്ലാൻ തയ്യാറാക്കേണ്ടതുണ്ട്.

**ജൈവ കൃഷി പ്രോത്സാഹനം**

കീടനാശിനികളുടേയും രാസവളങ്ങുടേയും അമിത ഉപയോഗം പരിസ്ഥിതി മലിനീകരണം മാത്രമല്ല ജനങ്ങളുടെ ആരോഗ്യത്തിനും ഹാനികരമായി മാറുന്നു. ഇതിന് പരിഹാരമായി സുരക്ഷിത കാർഷിക മുറകളും സംയോജിത സസ്യ സംരക്ഷണ മാർഗ്ഗങ്ങളും അനുവർത്തിക്കേണ്ടതുണ്ട്. ജൈ പച്ചക്കറി കൃഷിക്ക് പ്രോത്സാഹിപ്പിക്കുന്നതിനായി കർഷകർക്ക് ബോധവൽക്കണ ക്ലാസ്സുകളും ജൈവവളങ്ങൾക്കുള്ള സബ്സിഡിയും നൽകണം. ജൈവകൃഷയോടൊപ്പം തന്നെ ഉറവിട ജൈവമാലിന്യ സംസ്കരണത്തിന് കാര്യമായ ഊന്നൽ കൊടുക്കുകയും വിവിധ കമ്പോസ്റ്റിംഗ് രീതികൾ കർഷകരുടെ ഇടയിൽ പ്രോത്സാഹിപ്പിക്കുകയും വേണം. കർഷകർ ഉത്പാദിപ്പിക്കുന്ന ജൈവ പച്ചക്കറികൾ ശേഖരിച്ച് വിപണനം നടത്തുന്നതിന് കേന്ദ്രം സ്ഥാപിക്കണം.

**തരിശ് വിമുക്ത പഞ്ചായത്ത്**

നിലവിൽ നമ്മുടെ സംസ്ഥാനത്ത് ആവശ്യമായ ഭക്ഷ്യസാധനങ്ങൾ ഉൾപ്പാദിപ്പിക്കപ്പെടുന്നില്ല. ഈ സാഹചര്യത്തിൽ തരുശ് ഭൂമികൾ പരമാവധി കാർഷിക ഉത്പാദനത്തിനായി ഉപയോഗിക്കണം. തരിശിട്ടിരിക്കുന്ന കൃഷിഭൂമികളുടെ കണക്കെടുപ്പ് നടത്തി കർഷകർക്കും സ്വയം സഹായ സംഘങ്ങൾക്കും വനിത ജെ.എൽ.ജി. കൾക്കും മറ്റും ധനസഹായം നൽകി കാർഷിക മേഖലയെ പ്രോത്സാഹിപ്പിക്കേണ്ടതാണ്. ഇത് തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കാൻ കാരണമാകും

**ജലസംരക്ഷണം**

ജലസംരക്ഷണം പഞ്ചായത്ത് മുഖ്യ അജണ്ടയായി മാറ്റേണ്ടതുണ്ട്. പഞ്ചായത്തിലെ ജലസ്രോതസ്സുകൾ മാലിന്യ വിമുക്തമാക്കുകയും പൂർണ്ണമായും സംരക്ഷിക്കുകയും ചെയ്യേണ്ടതുണ്ട്. പൊതുകുളങ്ങൾ കിണറുകൾ, തോടുകൾ എന്നിവ മഴക്കാലത്തിന് മുമ്പായി പരമാവധി വെള്ളം ശേഖിക്കുന്നത്തിന് സജ്ജമാക്കണം. നെൽവയലുകൾ പരമാവധി നികത്താതെ സംരക്ഷിക്കണം. മഴവെള്ളം പരമാവധി ഭൂമിയിലേക്ക് ഇറങ്ങുന്നതിനായി മഴക്കുഴികൾ കിണർ റീചാർജ്ജിംഗ് എന്നിവ പ്രോത്സാഹിപ്പിക്കണം. പുതിയ കുളങ്ങൾ, ഡാമുകൾ, തടയണകൾ എന്നിവ നിർമ്മിക്കണം. കുഴൽ കിണറുകൾ യാതൊരു നിയന്ത്രണവും ഇല്ലാതെ കുഴിക്കുന്നത് തടയേണ്ടതുണ്ട്.

**ലക്ഷ്യങ്ങൾ**

തരിശ് കിടക്കുന്ന നെൽകൃഷിക്ക് യുക്തമായ സ്ഥലങ്ങൾ കൃഷികാർക്ക് പാട്ടത്തിന് കൊടുക്കുവാനായുള്ള നയസമീപനം അത്യാവശ്യമാണ്. ഇങ്ങനെ ചെയ്യുന്ന തരിശു നിലങ്ങളിലൂടെ ഉൽപാദനം വർദ്ധിപ്പിക്കാൻ സാധിക്കും. വിവിധയിനം പച്ചക്കറികൾ ഓരോ വീടുകളിലും മട്ടുപ്പാവിലും, ലഭ്യമായ എല്ലായിടത്തും കൃഷിഭൂമിയിലും വിളവിറക്കികൊണ്ട് ജൈവ പച്ചക്കറിയിൽ സ്വയം പര്യാപ്തത കൈവരിക്കാൻ സാധിക്കണം.

**വികസനതന്ത്രം**

വായു, വെള്ളം, മണ്ണ് തുടങ്ങിയവയെ സംരക്ഷിച്ചുകൊണ്ട് പരിസ്ഥിതിക്ക് ദോഷംവരാത്ത വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുക. തൊഴിലവസരങ്ങൾ കാർഷിക മേഖലയിൽ സൃഷ്ടിക്കുക. ഭക്ഷ്യസുരക്ഷ കൈവരിക്കുക. ജൈവകൃഷി പ്രോത്സാഹിപ്പിക്കുക.

## മൃഗസംരക്ഷണവും, ക്ഷീര വികസനവും

**വികസനകാഴ്ചപ്പാട്**

മുളങ്കുന്നത്തുകാവ് പഞ്ചായത്തിൽ രണ്ട് മൃഗാശുപത്രികൾ പ്രവർത്തിച്ചുവരുന്നു. ക്ഷീരമേഖലയിൽ മൂന്ന്മേഖലയുടെ നിലനിൽപ്പിനായി നിലവിലുള്ള കർഷകരെ ഈ മേഖലയിൽ നിലനിർത്തുവാൻ ആവശ്യമായ ഉത്പാദന ഉപാധികൾ നൽകുവാനുള്ള പദ്ധതികൾ ആവിഷ്കരിക്കണം.

**ലക്ഷ്യങ്ങൾ**

ഭക്ഷ്യാഹാരത്തിൽ മുഖ്യപങ്കായ പാൽ, മാംസം, മുട്ട എന്നിവ സ്വയം ഉൽപാദിപ്പിയ്ക്കാനും വിപണനം നടത്താനും നമ്മുടെ കർഷകരെ സഹായിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ നടപ്പിലാക്കേണ്ട പ്രോജക്ടുകൾ യഥാസമയത്ത് യാഥാർത്ഥ്യബോധത്തോടെ നടപ്പാക്കേണ്ടതാണ്.

**വികസനതന്ത്രം**

തൊഴിൽ രഹിതരായ ചെറുപ്പക്കാരെകൂടി ഈ രംഗത്തേയ്ക്ക് ആകർഷിയ്ക്കത്തക്ക വിധത്തിൽ വിവിധ പ്രൊജക്ടുകളെ ഏകോപിച്ചുകൊണ്ട് അവർക്ക് സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിന് സാധിച്ചാൽ ഈ പഞ്ചായത്തിൽ ഭക്ഷ്യസരക്ഷ ഉറപ്പാക്കാനും കൂടാതെ പുറമെയ്ക്ക് മാംസോൽപ്പന്നങ്ങൾ കയറ്റി അയയ്ക്കുവാനും അതുവഴി സാമ്പത്തിക ഭദ്രത ഉറപ്പാക്കാനും കഴിയുമെന്ന് നമുക്ക് പ്രതീക്ഷിക്കാം. ഉൽപ്പന്ന വിപണനം ലക്ഷ്യമാക്കികൊണ്ട് പ്രത്യേക ഗ്രാമീണചന്തകൾക്കും, വിപണന കേന്ദ്രങ്ങൾക്കും രൂപം കൊടുക്കാവുന്നതാണ്.

## പ്രാദേശിക സാമ്പത്തിക വികസനം

**വികസനകാഴ്ചപ്പാട്**

സ്വയംതൊഴിൽ മേഖലയിൽ സംരഭക യൂണിറ്റ് പ്രോത്സാഹിപ്പിക്കുന്നതിന് ചെറുകിട വ്യവസായ മേഖലകളിൽ പരിശീലനവും അസംസ്കൃതവസ്തുക്കൾ ലഭ്യമാക്കി ഉൽപ്പന്നങ്ങളുടെ വിപണനത്തിന് സൗകര്യം ചെയ്തുകൊടുക്കും. പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനും തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനുമായി പുതിയ ഒരു വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കും.

**ലക്ഷ്യങ്ങൾ**

വിവിധ വാർഡുകളിൽ കുടുംബശ്രീ അയൽകൂട്ടങ്ങൾ ഉണ്ടായിട്ടും ചെറുകിട സംരംഭങ്ങളുടെ അഭാവം ഈ രംഗത്തെ ഒരു കുറവ് തന്നെയാണെന്ന് മനസ്സിലാക്കികൊണ്ട് അതിന് മാറ്റം വരുത്തുന്ന ഒരു സമീപനം പദ്ധതിയിൽ ഉദ്ദേശിക്കുന്നു. ഇതിന് വേണ്ടി കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്കും വ്യക്തികൾക്കും ആവശ്യമായ പരിശീലനം നൽകേണ്ടതാണ്.

**വികസനതന്ത്രം**

പഞ്ചായത്തിന്റെ സമഗ്രപുരോഗതിലക്ഷ്യമാക്കി ചെറുകിട വ്യവസായ രംഗത്ത് ഒരു കുതിച്ചുചാട്ടം നടത്താൻ ഉതകുന്ന രീതിയിലുള്ള പരിപാടികൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്. ഒരു ചാലക ശക്തിയായി വർത്തിക്കേണ്ട കുടുംബശ്രീ അയൽകൂട്ടങ്ങളെ ഇതിനായി സജ്ജമാക്കേണ്ടതുണ്ട്. 142 അയൽകൂട്ടങ്ങളിൽ നിന്ന് ഉല്പാദന, സേവന മേഖലകളിലേക്ക് ആവശ്യമായ സംരംഭങ്ങൾ തുടങ്ങാൻ താത്പര്യമുള്ളവരെ കണ്ടെത്തി അവരെ അതിന് പ്രാപ്തമാക്കുന്നു. കാർഷിക മേഖലയിൽ യന്ത്രവത്കരണം എത്തിയിരിക്കുന്ന സാഹചര്യത്തിൽ ഗ്രൂപ്പടിസ്ഥാനത്തിൽ ഇതിനായി സംരംഭകരെ തയ്യാറാക്കാവുന്നതാണ്. കൂടാതെ എൻ. ആർ.എൽ.എം. എസ്.ജി.എസ്.വൈ. പദ്ധതി പ്രകാരമുള്ള സംരംഭകർക്ക് ആവശ്യമായ പരിശീലനം നൽകി പ്രാപ്തരാക്കേണ്ടതുണ്ട്. ഇതിനായി കുടുംബശ്രീ മിഷൻ വ്യവസായ വകുപ്പ് എന്നിവയുടെ സഹകരണവും പരമാവധി പ്രയോജനപ്പെടുത്തണം.

## ദാരിദ്ര്യ ലഘൂകരണം

**വികസനകാഴ്ചപ്പാട്**

അടിസ്ഥാന വിഭാഗത്തിന്റെ സമഗ്രവികസനം ലക്ഷ്യമാക്കിയുള്ള പ്രവത്തനമാണ് ആസൂത്രണം ചെയ്യുന്നത്. ദാരിദ്ര്യ ലഘൂകരണത്തിന് മുഖ്യ പ്രാധാന്യം നൽകി പഞ്ചായത്ത് പ്രദേശത്തിന്റെ വികസനം ലക്ഷ്യമിടുന്നു. ആയതിനായി ഉൽപാദനമേഖല സേവനമേഖല എന്നിവയുടെ അടിസ്ഥാന സൗകര്യ വികസനത്തിന് പദ്ധതികൾ ആവിഷ്കരിക്കും. അതിദരിദ്ര്യനിർമ്മാർജ്ജന പദ്ധതി വഴി അതി ദരിദ്രരായവർക്ക് ആവശ്യമായ പ്രത്യേക ഉപപദ്ധതി തയ്യാറാക്കി നടപ്പിലാക്കണം.

**ലക്ഷ്യങ്ങൾ**

മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെട്ടതും പെടാത്തതും ആയ മുഴുവൻ ദാരിദ്ര്യകുടുംബങ്ങളുടെ സർവ്വോന്മുഖമായ പുരോഗതിയാണ് പന്ത്രണ്ടാം പഞ്ചവത്സരപദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. അതിന്റെ ഭാഗമായി സാമൂഹികവും സാമ്പത്തികവുമായും പിന്നോക്കം നിൽക്കുന്ന ഈ വിഭാഗത്തിന്റെ അടിസ്ഥാന സൗകര്യ വികസനം മാത്രമല്ല ലക്ഷ്യമിടുന്നത്. സാമൂഹിക, സാമ്പത്തിക, ആരോഗ്യ വിദ്യാഭ്യാസം ഉൾപ്പെടെ സമഗ്രവികസനം ആണ് ലക്ഷ്യം. ഇവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഏത്തിക്കുക എന്നതും. ദാരിദ്ര്യലഘൂകരണം മുഖ്യ അജണ്ടയായി എടുത്ത് ഗ്രാമവികസനമാണ് ലക്ഷ്യമിടുന്നത്. ഗ്രാമപഞ്ചായത്തിലെ മുഴുവൻ ഭൂരഹിതർക്കും 3 സെന്റ് ഭൂമിയെങ്കിലും സ്വന്തമാക്കി നൽകുക. ഭവനരഹിതരായ മുഴുവൻ പേർക്കും വാസയോഗ്യമായ ഭവനം ലഭ്യമാക്കുക എന്നിവയും പഞ്ചായത്ത് ലക്ഷ്യമിടുന്നു. ഗ്രാമീണ ജനതയുടെ മുഖ്യവരുമാന മാർഗ്ഗം കാർഷികമേഖലയിൽ നിന്നായതിനാൽ കാർഷിക രംഗത്ത് കൂടുതൽ ഊന്നൽ നൽകുന്ന പദ്ധതികൾ വിഭാവനം ചെയ്യുന്നു.

**വികസനതന്ത്രം**

ഈ മേഖലയിൽ പ്രധാനമായും വികസനഫണ്ട് ഉപയോഗിച്ച് തന്നെയാണ് പദ്ധതി നിർവ്വഹണം നടത്തുന്നത്. ഭവന നിർമ്മാണത്തിലേർപ്പെട്ടിരിക്കുന്നവർക്ക് 90 ദിവസത്തെ തൊഴിലുറപ്പ് പദ്ധതി വേതനം ഉറപ്പാക്കിയിട്ടുണ്ട്. ദാരിദ്ര്യ രേഖ ലിസ്റ്റിൽ ഉൾപ്പെട്ടതും പെടാത്തതും ആയ മുഴുവൻ ദാരിദ്ര്യകുടുംബങ്ങളുടെ സർവ്വോന്മുഖമായ പുരോഗതിയാണ് പതിമൂന്നാം പഞ്ചവത്സരപദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. ഇതിനായി വിഭവസമാഹരണത്തിന് സർക്കാരിനെ മാത്രം ആശ്രയിക്കാതെ സർക്കാരിതര ഘടകങ്ങളേയും ലക്ഷ്മയിടുന്നു. ഗ്രാമീണ ജനതയുടെ മുഖ്യവരുമാനമാർഗ്ഗം കാർഷികമേഖലയായതിനാൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെ സംഘങ്ങൾക്കായി പച്ചക്കറികൃഷി, തീറ്റപുൽകൃഷി, നെൽകൃഷി എന്നീ പദ്ധതികൾ വിഭാവനം ചെയ്യുന്നു. പതിമൂന്നാം പഞ്ചവത്സരപദ്ധതി കാലത്ത് ലഭ്യമാകുന്ന സർക്കാർ ധനസഹായത്തേക്കാൾ ഉപരി പ്രകൃതിവിഭവങ്ങളും മനുഷ്യശേഷിയും കൂടുതൽ പ്രയോജനപ്പെടുത്തി സ്ഥായിയായ വികസനത്തിന് ആവശ്യമായി വിഭവസമാഹരണം നടത്തേണ്ടതുണ്ട്. ഇതിനായി ദേശീയ ഗ്രാമീണ

തൊഴിലുറപ്പ് പദ്ധതിയുടെ സാന്നിദ്ധ്യം സജീവവും ശക്തവുമാകുന്നു. സന്നദ്ധസംഘടനകളുടെ പ്രവർത്തനം പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നു.

## സാമൂഹ്യനീതി

**വികസനകാഴ്ചപ്പാട്**

വാർഷിക പദ്ധതിയിൽ സർക്കാർ നിശ്ചയിക്കുന്ന നിശ്ചിത ശതമാനം തുക മാറ്റിവെച്ചുകൊണ്ടല്ലാതെ മുളങ്കുന്നത്തുകാവ് പഞ്ചായത്തിലെ ശാരീരിക അവശതകൾ അനുഭവിക്കുന്ന എല്ലാ വിഭാഗം ജനങ്ങൾക്കും ഉതകുന്ന രീതിയിലുള്ള ആനുകൂല്യ വിതരണവും വിവിധ പദ്ധതികളും രൂപീകരിച്ച് നടപ്പിലാക്കണം.

**ലക്ഷ്യങ്ങൾ**

പദ്ധതി കാലയളവിൽ അവസാനിക്കുമ്പോൾ ജീവിതത്തിൽ മറ്റുള്ളവരുടെ സഹായം അത്യാവശ്യമായി വരുപദ്ധതി കാലയളവിൽ അവസാനിക്കുമ്പോൾ ജീവിതത്തിൽ മറ്റുള്ളവരുടെ സഹായം അത്യാവശ്യമായി വരുന്ന രണ്ട് വിഭാഗമായ വൃദ്ധരുടെയും വൈകല്യ മുള്ളവരുടെയും സംരക്ഷണം പൂർണ്ണമായും നടപ്പിലാക്കേണ്ടിയിരിക്കുന്നു. അതിനായി വൃദ്ധജനങ്ങൾക്കും വൈകല്യമുള്ളവർക്കും പകൽവീട് സംവിധാനം ഉൾപ്പെടുത്തുക. അതിന്റെ പ്രയോജനം മുഴുവൻ പേർക്കും ലഭ്യമാക്കുന്നതിനുള്ള വാഹന സൗകര്യം ഉണ്ടായിരിക്കുകയും വേണം. കൃത്യമായ വൈദ്യപരിശോധന, മരുന്ന് വിതരണം, സഹായ ഉപകരണങ്ങൾ എന്നിവ നൽകുവാൻ വഴി അവരുടെ ആരോഗ്യം സംരക്ഷിക്കുവാൻ കഴിയാവുന്നതാണ്.

**വികസനതന്ത്രം**

പദ്ധതി കാലയളവിൽ അവസാനിക്കുമ്പോൾ ഈ മേഖലയുടെ ഇന്നത്തെ അവസ്ഥയിൽ നിന്ന് ബഹുദൂരം മുന്നോട്ട് പോകേണ്ടിയിരിക്കുന്നു. നിലവിൽ തൊഴിൽ രഹിതരായ സ്ത്രീകളുടെ എണ്ണം വളരെ കൂടുതലാണ്. സ്വയം സമ്പാദിക്കണം എന്നാഗ്രഹമുണ്ടെങ്കിലും പലപ്പോഴും ഒരു പ്രത്യേക തൊഴിൽ മേഖലയിൽ ശരിയായ പ്രാവീണ്യം ലഭിക്കാത്തതിനാൽ അവർക്ക് ജോലി ചെയ്യുവാനോ, സാമ്പാദിക്കുവാനോ കഴിയുന്നില്ല. ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്ന സ്വയം തൊഴിൽ പരിശീലനവും ഒപ്പം ധനസഹായവും ലഭ്യമാക്കുകയാണെങ്കിൽ തീർച്ചയായും സ്ത്രീകളുടെ ജീവിത നിലവാരം ഉയർത്തുന്നതിനും അതുവഴി സമൂഹത്തിന്റെ വികസനവും സാദ്ധ്യമാക്കുവാൻ സാധിക്കുന്നു. നിലവിൽ ശിശുസംരക്ഷണ കേന്ദ്രമായ അംഗൻവാടികളുടെ വികസനം സാദ്ധ്യമാക്കുകവഴി ശിശുക്കളുടെ വികസനം നടത്തുവാൻ സാധിക്കുന്നു.

## പട്ടികജാതി വികസനം

**വികസനകാഴ്ചപ്പാട്**

അർഹതപ്പെട്ട എല്ലാ പട്ടികജാതി ഗുണഭോക്താക്കളെയും സാമ്പത്തികമായും സാമൂഹികമായും സമൂഹത്തിലെ മറ്റുള്ളവർക്കൊപ്പം എത്തിക്കുന്നതിന് പരമപ്രധാന മുൻഗണന നൽകുന്നു. നിലിവുള്ള കോളനികളുടെ വികസനം പതിനാലാം പഞ്ചവത്സരപദ്ധതി ലക്ഷ്യമിടുന്നു.

**ലക്ഷ്യങ്ങൾ**

231 സങ്കത കടുംബങ്ങളും ഒറ്റപ്പെട്ടുകിടക്കുന്ന 155 കുടുംബങ്ങളും കൂടി ആകെ 386 കുടുംബങ്ങളിലായി 724 പുരുഷന്മാരും 803 സ്ത്രീകളും ഉൾപ്പെടുന്ന ആകെ 1527 അംഗങ്ങളാണുള്ളത്. ഇവരെ സാമ്പത്തികമായും സാമൂഹികമായും സമൂഹത്തിലെ മറ്റുള്ളവർക്കൊപ്പം എത്തിക്കുക എന്നത് പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിലെ ലക്ഷ്യം.

**വികസനതന്ത്രം**

സ്ഥിരം വരുമാനമുള്ള നാമമാത്ര കുടുംബങ്ങൾ ഒഴികെ ബാക്കി എല്ലാ കുടുംബങ്ങളുടെയും അവസ്ഥ വളരെ മോശപ്പെട്ടതുതന്നെയാണ്. ഇനിയും ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതിയിൽ അംഗങ്ങൾ ആകാ

ത്തവരെ രജിസ്റ്റർ ചെയ്യിക്കാനുള്ള ഊർജ്ജിതശ്രമം നടത്താൻ ഉദ്ദേശിക്കുന്നു. നിലവിൽ എസ്.ജി.എസ്.വൈ. പദ്ധതിയിൽ വ്യക്തിഗത ആനുകൂല്യം ഈ വിഭാഗത്തിന് മാത്രമായതിനാൽ പരമാവധി പ്രയോജനപ്പെടുത്തുന്നുണ്ട്.

# ആരോഗ്യം

## അലോപ്പതി

### വികസനകാഴ്ചപ്പാട്

പകർച്ചവ്യാധികൾ, പകർച്ച ഇതരവ്യാധികൾ എന്നിവ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ഒരുപലെ കാണപ്പെടുന്ന സാഹചര്യത്തിൽ പ്രസ്തുത രോഗങ്ങൾ നേരത്തെ കണ്ടെത്തി മുൻകരുതൽ നടപടികൾ സ്വീകരിക്കാൻ ഉതകുംവിധം ആരോഗ്യപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക എന്നതാണ് പ്രധാന വികസന കാഴ്ചപ്പാട്. ഉദയനഗർ പ്രദേശം കേന്ദ്രീകരിച്ച് ഒരു ആരോഗ്യ ഉപകേന്ദ്രം തുടങ്ങുന്നതിനുള്ള പ്രവർത്തനങ്ങൾ ഏകദേശം പൂർത്തിയായിട്ടുണ്ട്. ജീവിത ശൈലീ രോഗനിർണ്ണയം എല്ലാ വാർഡുകളിലും ഫെസിലിറ്റേഷൻ കേന്ദ്രങ്ങളള്‍ കണ്ടെത്തി അവയിലൂടെ ജനങ്ങളിലെത്തിക്കാൻ ശ്രമിക്കും. പാലിയേറ്റീവ് പരിചരണം ജനപങ്കാളിത്തത്തോടെ കൂടുതൽ കാര്യക്ഷമമായി നടത്താൻ ആവശ്യമായ നടപടിൾ സ്വീകരിക്കേണ്ടതുണ്ട്. പുതുതായി ആവിഷ്കരിക്കുന്ന പദ്ധതികൾ സമയബന്ധിതമായി നടത്തുന്നതിന് പി.എച്ച്.സി. യെ സജ്ജമാക്കുക എന്നതാണ് ഏറ്റവും വിലയ വെല്ലുവിളി.

### ലക്ഷ്യങ്ങൾ

ആവിഷ്കരിക്കപ്പെടുന്ന പദ്ധതികൾ പാളിച്ചകൾ ഇല്ലാതെ സമയബന്ധിതമായി ജനങ്ങൾക്കുപകാരപ്പെടുന്ന തരത്തിൽ നടപ്പിൽ വരുത്തുക. പൊതുജനാരോഗ്യത്തിന് വെല്ലുവിളികൾ ഉയർത്തുന്ന പ്രവർത്തനങ്ങളഅം (മാലിന്യ സംസ്കരണത്തിലെ പോരായ്മകൾ) വലിച്ചെറിയൽ സംസ്കാരം, പ്ലാസ്റ്റിക് വസ്തുക്കൾ കത്തിച്ചുകളയൽ, ലഹരി വസ്ത്തുക്കളുടെ ഉപയോഗം നിയമ സഹായത്തോടെ നേരിടുന്നതിന് മുന്നൊരുക്ക പ്രവർത്തനഹ്ങൾ നടത്തുക.

### വികസനതന്ത്രം

പകർച്ച വ്യാധികളും പകർച്ചേതരവ്യാധികളും മുൻകൂട്ടി കണ്ടെത്തി പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുക. ലഭ്യമായ ഫണ്ടുകൾ ഉപയോഗിച്ച് (ഹെൽത്ത് ഗ്രാന്റ്, എം.എൽ.എ.-എം.പി. ഫണ്ടുൾ, ബ്ലോക്ക് - ജില്ലാ പഞ്ചഅചായത്ത് വിഹിതങ്ങൾ) ആരോഗ്യ വികസന ലക്ഷ്യങ്ങൾ പൂർത്തീകരിക്കുക.

## ആയുർവ്വേദം

### വികസനകാഴ്ചപ്പാട്

വൃദ്ധജനങ്ങളുടെ ആരോഗ്യപരിപാലനം തുടർപദ്ധതിയായി ഏറ്റെടുക്കും. വയോജനങ്ങളുടെ ആരോഗ്യ പരിപാലനത്തിനായി യോഗ അഭ്യസിപ്പിക്കുന്നതിനുള്ള ക്രമീകരണങ്ങൾ നടത്തികൊണ്ടിരിക്കുന്നു. പാലിയേറ്റീവ് കെയറുമായി ബന്ധപ്പെട്ട് ആയുർവ്വേദ ചികിത്സ വീടുകളിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

പഞ്ചായത്ത് കെട്ടിടത്തിൽ വച്ചു തന്നെ ആഴ്ച്ചയിൽ അല്ലെങ്കിൽ രണ്ടാഴ്ചയിൽ ഒരിക്കലെങ്കിലും ഒ.പി. നടത്തുക. പഞ്ചായത്തിന്റെ മറ്റു വാർഡുകളിലെ ജനങ്ങൾക്ക് ഡിസ്പെൻസറിയിൽ നിന്നുമുള്ള സേവനം ലഭിക്കുവാൻ ഇത് സഹായിക്കും.

**ലക്ഷ്യങ്ങൾ**

ഡിസ്പെൻസറിയിൽ നിന്നും നൽകി വരുന്ന എല്ലാ സേവനങ്ങൾക്കും ലഭ്യമാകുന്നതിന് ആവശ്യമായ പദ്ധതിയിൽ പഞ്ചായത്തിൽ നിന്നും അനുമതി ലഭിച്ച് 13-ാം പഞ്ചവത്സരപദ്ധതിയിൽ ആയുർവ്വേദ മേഖലയ്ക്ക് പ്രാധാന്യം നൽകികൊണ്ടുള്ള പ്രവർത്തനം ലക്ഷ്യമിടുന്നു.

**വികസനതന്ത്രം**

വിവിധ പദ്ധതികൾ വഴി എല്ലാ വിഭാഗം പൊതുജനങ്ങളുടേയും ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തുക. മരുന്നുകൾ ആവശ്യത്തിന് എല്ലാ സമയത്തും ലഭ്യമാക്കുക, രോഗ പ്രതിരോധ പ്രവർത്തനങ്ങൾ, ബോധവൽക്കരണ ക്ലാസുകൾ, മെഡിക്കൽ ക്യാമ്പുകൾ, സ്പെഷ്യാലിറ്റി ക്ലിനിക്കുകൾ (സ്പോർട്സ്, ആയുർവ്വേദ, മൂലക്കുരു, ഫിസ്റ്റുല തുടങ്ങിയവ) സാമൂഹിക സാംസ്കാരിക സംഘടനയുമായി യോജിച്ചുള്ള പ്രവർത്തനം, ആയുർവ്വേദ, അലോപ്പതി, ഹോമിയോ (ഹോളിസ്റ്റിക്കൽ ചികിത്സാ പദ്ധതി) മുതലായവ നടപ്പിലാക്കുക.

## ഹോമിയോപ്പതി

**വികസനകാഴ്ചപ്പാട്**

വൃദ്ധജനങ്ങളുടെ ആരോഗ്യപരിപാലനം തുടർപദ്ധതിയായി ഏറ്റെടുക്കും. പാലിയേറ്റീവ് കെയറുമായി ബന്ധപ്പെട്ട് ചികിത്സ വീടുകളിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. പഞ്ചായത്ത് കെട്ടിടത്തിൽ വച്ചു തന്നെ ആഴ്ച്ചയിൽ അല്ലെങ്കിൽ രണ്ടാഴ്ചയിൽ ഒരിക്കലെങ്കിലും ഒ.പി. നടത്തുക. പഞ്ചായത്തിന്റെ മറ്റു വാർഡുകളിലെ ജനങ്ങൾക്ക് ഡിസ്പെൻസറിയിൽ നിന്നുമുള്ള സേവനം ലഭിക്കുവാൻ ഇത് സഹായിക്കും.

**ലക്ഷ്യങ്ങൾ**

ഡിസ്പെൻസറിയിൽ നിന്നും നൽകിവരുന്ന എല്ലാ സേവനങ്ങളും പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് ആവശ്യമായ പദ്ധതികൾക്ക് പഞ്ചായത്തിൽ നിന്നും അനുമതി ലഭിച്ചിട്ട് പതിമൂന്നാം പഞ്ചവത്സര പദ്ധതി പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നു. എല്ലാ വിഭാഗം ജനങ്ങൾക്കും ഹോമിയോ ചികിത്സ ലഭ്യമാക്കുക പ്രചരിപ്പിക്കുക.

**വികസനതന്ത്രം**

വിവിധ പദ്ധതികൾ വഴി പൊതുജനാരോഗ്യ സംരക്ഷണം ഉറപ്പുവരുത്തുക. ഡിസ്പെൻസറിക്ക് ആവശ്യമായ മരുന്നുകൾ ലഭ്യമാക്കുക. രോഗപ്രതിരോധ ബോധവത്കരണ ക്യാമ്പുകൾ, മെഡിക്കൽ ക്യാമ്പുകൾ എന്നിവ സാമൂഹ്യ സാംസ്കാരിക സംഘടനകളുമായി ചേർന്ന് സംഘടിപ്പിക്കുക. പഞ്ചായത്ത് എഞ്ചിനീയറിംഗ് വിഭാഗം വഴി കെട്ടിടം മെയിന്റനൻസ്, ആവശ്യഉപകരണങ്ങൾ ലഭ്യമാക്കുക.

## കുടിവെള്ളം, ശുചിത്വം മുതലായവ

**വികസനകാഴ്ചപ്പാട്**

മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്തിലെ മുഴുവൻ പ്രദേശങ്ങളിലേയും കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് മുളങ്കുന്നത്തുകാവ് സമഗ്ര കുടിവെള്ള പദ്ധതി നടപ്പിലാക്കും. ആയത് സംയോജിത പദ്ധതിയായി ജില്ലാ പഞ്ചായത്ത് ബ്ലോക്ക് പഞ്ചായത്ത് സന്നദ്ധസേവന സംഭാവന എന്നിവ ഉൾപ്പെടുത്തി പഞ്ചവത്സര പദ്ധതിയിൽ പൂർത്തിയാക്കുന്നതിന് പഞ്ചായത്ത് ലക്ഷ്യമിടുന്നു. ഖരമാലിന്യ സംസ്കരണം, ജൈവമാലിന്യ സംസ്കരണം എന്നിവക്ക് മെറ്റീരിയൽ കളക്ഷൻ സെന്റർ ആർ.ആർ.എഫ്. എന്നിവ സ്ഥാപിക്കാൽ നടപടി സ്വീകരിച്ചു.

**ലക്ഷ്യങ്ങൾ**

പതിനഞ്ചാം പഞ്ചവത്സര പദ്ധതിയിൽ സമ്പൂർണ്ണമായും വീടുകളിൽ കുടിവെള്ളമെത്തിക്കുന്നതിന് സാധി

ക്കും. കിണർ റീചാർജ്ജിംഗ് വഴി പരമാവധി ജലലഭ്യത വർദ്ധിപ്പിക്കുക എന്നതും ഈ വർഷം ലക്ഷ്യമിടുന്നു. മാലിന്യ പ്രശ്നങ്ങൾ വരും കാലങ്ങളിൽ ഒഴിവാക്കുന്നതിനായി സംയോജിത ഖരമാലിന്യ പദ്ധതി നടപ്പിലാക്കുന്നു.

**വികസനതന്ത്രം**

സമ്പൂർണ്ണ ശുചിത്വ പദ്ധതി, മാലിന്യ നിർമ്മാർജ്ജനം എന്നിവയും ഈ വാർഷിക പദ്ധതിയിൽ ആരംഭിക്കുന്നു.

## വിദ്യാഭ്യാസം, കലയും സംസ്കാരവും, യുവജനകാര്യം

**വികസനകാഴ്ചപ്പാട്**

ഈ പഞ്ചായത്തിൽ സർക്കാർ സ്കൂളുകൾ ഇല്ലെങ്കിലും പഞ്ചായത്തതിർത്തിയിലുള്ള എയ്ഡഡ് സ്കൂളുകളെ മികിവിന്റെ കേന്ദ്രമാക്കി മാറ്റണം. ഇതിനായുള്ള കർമ്മപദ്ധതികൾ രൂപപ്പെടുത്തേണ്ടതുണ്ട്. അദ്ധ്യാപകർ, രക്ഷിതാക്കൾ, പൂർവ്വ വിദ്യാർത്ഥികൾ, സാമൂഹ്യ-രാഷ്ട്രീയ-സാംസ്കാരിക സംഘടനപ്രവർത്തകർ ഉൾപ്പെടുന്ന വിദ്യാലയ വികസന സമിതി രൂപീകരിച്ച് ഇതിനായുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. പുതിയ തലമുറയിൽ കാർഷിക സംസ്കാരം വളർത്തിയെടുക്കുക പഠന നിലവാരം ഉയർത്തുന്നതിനാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുക. മാലിന്യ നിർമ്മാർജ്ജനം ഒരു സംസ്കാരമായി രൂപപ്പെടുത്തുക. മദ്യപാനം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം പുതിയ തലമുറയിൽ നിന്ന് ഒഴിവാക്കുന്ന തരത്തിൽ ഇടപെടലുകൾ നടത്തുക. പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകി മുഖ്യധാരയിലെത്തിക്കുക. സ്കൂൾ വായനശാലകളും ലബോറട്ടറികളും ആധുനിക വൽക്കരിക്കുക. സ്കൂൾ കുട്ടികൾക്ക് കൗൺസിലിംഗ് സൗകര്യം എർപ്പെടുത്തുക. പ്രീ സ്കൂൾ രംഗത്ത് പ്രവർത്തിക്കുന്ന ഏജൻസികൾ സംഘടനകൾ എന്നിവരുടെ സഹായവും സഹകരണവും ലഭ്യമാക്കുക.

മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്തിൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിന് തൊഴിലധിഷ്ഠിത കോഴ്സുകൾ ആരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ സർക്കാർ തലത്തിൽ ഉണ്ടാകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കും. കലാ സാംസ്കാരിക കായിക പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന് ഉതകുന്നരീതിയിൽ ക്ലബ്ബുകളെ പ്രാപ്തരാക്കുന്നു. കുട്ടികളുടെ കലാ-കായികക്ഷമത വർദ്ധിപ്പിക്കുന്നതിനായി ക്യാമ്പുകൾ സംഘടിപ്പിക്കും. കലയെ പ്രോത്സാഹിപ്പിക്കുന്നതിന് ഗ്രൂപ്പുകൾക്ക് ധനസഹായം നൽകുക.

**ലക്ഷ്യങ്ങൾ**

പൊതുവിദ്യാഭ്യാസം ശക്തിപ്പെടുന്നതുന്നതിന് വേണ്ടതായ സൗകര്യങ്ങൾ മെച്ചപ്പടുത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്.

**വികസനതന്ത്രം**

ജനപ്രതിനിധികളുടെ കാര്യമായ ഇടപെടൽ ഉണ്ടാകേണ്ടതാണ്. ഉന്നതനിലവാരം പുലർത്തുന്ന വിദ്യാർത്ഥികൾക്ക് സിവിൽ സർവ്വീസ് മേഖലയെ കുറിച്ച് പരിചയപ്പെടുത്തുന്നതിനും മത്സരപരീക്ഷകൾക്ക് എങ്ങനെ തയ്യാറെടുക്കുന്നതിനെകുറിച്ചുമുള്ള ക്ലാസുകൾ സിവിൽ സർവ്വീസ് മേഖലയിൽ ഉള്ളവർതന്നെ മാസം തോറും വിശദീകരിച്ച് കൊടുക്കുന്നതിനും ഗ്രാമപഞ്ചായത്ത് നേതൃത്വം നൽകിയിട്ടുണ്ട്.

## പൊതുമരാമത്ത് (ഊർജ്ജം ഉൾപ്പെടെ)

**വികസനകാഴ്ചപ്പാട്**

പഞ്ചവത്സര പദ്ധതിയിൽ പഞ്ചായത്തിന്റെ മുഴുവൻ റോഡുകളുടേയും നിലവാരമുയർത്തും. എല്ലാ മേഖ

ലകളിലും സ്ട്രീറ്റ് ലൈൻ വലിച്ച് എൽ.ഇ.ഡി. സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ നടപ്പാക്കുന്നതാണ്. പഞ്ചായത്തിലെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട മുഴുവൻ കെട്ടിടങ്ങളും റോഡുകളും സംരക്ഷിക്കാൻ വേണ്ട നടപടി സ്വീകരിക്കും. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 3 മീറ്ററിൽ താഴെയുള്ള എല്ലാറോഡുകളും കോൺക്രീറ്റ് ചെയ്ത് സഞ്ചാരയോഗ്യമാക്കും. അറ്റകുറ്റപ്പണികൾ ആവശ്യമായ റോഡുകൾ റീ ടാർ ചെയ്യും. പഞ്ചായത്തിൽ കേടുപാടുകൾ ഉള്ള റോഡുകൾ പുതിക്കി പണിയും. പൂമല ഡാം ടൂറിസ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കണം.

**ലക്ഷ്യങ്ങൾ**

അംഗൻവാടി കെട്ടിടത്തിന്റെ സംരക്ഷണത്തിന് ചുറ്റുമതിൽ നിർമ്മാണം പൂർത്തിയാക്കും. നിലവിലുള്ള എല്ലാ റോഡുകളും പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തി മുൻഗണന നിശ്ചയിച്ച് സോളിംഗ്, മെറ്റലിംഗ്, ടാറിംഗ്, റീ ടാറിംഗ് നടത്തും. പഞ്ചായത്തിന്റെ എല്ലാ മേഖലകളിലും സ്ട്രീറ്റ് ലൈൻ വലിച്ച് എൽ.ഇ.ഡി. സ്ഥാപിക്കും.

**വികസനതന്ത്രം**

പദ്ധതി നടത്തിപ്പിന് ആവശ്യമായ സമയം കണ്ടെത്തി സംയോജിത പദ്ധതികളുടെ വലിയ റോഡുകളുടെ നിർമ്മാണം പൂർത്തിയാക്കും. എല്ലാ മേഖലകളിലും സ്ട്രീറ്റ് ലൈൻ വലിച്ച് എൽ.ഇ.ഡി. തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ നടപ്പാക്കുന്നതാണ്.

## അദ്ധ്യായം 5

# വിഭവ സ്രോതസ്സുകളും വകയിരുത്തലുകളും

2025-26 വാർഷിക പദ്ധതിക്ക് വികസനഫണ്ട് ഇനത്തിൽ ലഭ്യമാകുന്ന തുക

| ക്രമ. നമ്പർ | വിഭവ സ്രോതസ്സുകൾ | | വകയിരുത്തുന്ന (തുക രൂപയിൽ) |
|---|---|---|---|
| **1.** | **വികസന ഫണ്ട്** | | |
| 1.1 | സാധാരണ വിഹിതം | | 18524000 |
| 1.2 | പട്ടികജാതി ഉപപദ്ധതി | | 5398000 |
| 1.3 | പതിനഞ്ചാം ധനകാര്യകമ്മീഷൻ ഗ്രാന്റ് | ടൈഡ്<br>അൺ ടൈഡ് | 3950000<br>2633000 |
| | **ആകെ** | | **30505000** |
| 2 | മെയിന്റനൻസ് ഫണ്ട് | | |
| 2.1 | റോഡിതരം | | 14514000 |
| 2.2 | റോഡ് | | 24357000 |
| | **ആകെ** | | **38871000** |
| 3 | തനത് ഫണ്ട്(ജനറൽ പർപ്പസ് ഫണ്ട് ഉൾപ്പെടെ) | | 4608000 |
| 4 | സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം | | 2400000 |
| 5 | കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം | | 2790000 |
| 6 | തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള വിഹിതം | | |
| 6.1 | ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് | | 5346000 |
| 6.2 | ജില്ലാപഞ്ചായത്തിൽ നിന്ന് | | 4503200 |
| 6.3 | നഗരസഞ്ചയ ഗ്രാന്റിൽ നിന്നുള്ള വിഹിതം | | 9000000 |

# 6. പ്രോജക്ടുകളും അവയുടെ വിശദാംശങ്ങളും

| ക്രമനമ്പർ | പ്രോ. നം. | പ്രോജക്ടിന്റെ പേര് | N / S / M | വികസനഫണ്ട് GEN | വികസനഫണ്ട് SCP | വികസനഫണ്ട് TSP | ധനകാര്യകമ്മീഷൻ Basic | ധനകാര്യകമ്മീഷൻ Tied | മെയിന്റനൻസ് ഗ്രാന്റ് റോഡ് | മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | തനതു ഫണ്ട് | ബ്ലോക്ക് പഞ്ചായത്ത് | ജില്ല പഞ്ചായത്ത് | ഗുണഭോക്തൃ വിഹിതം | സംയോജിത വിഹിതങ്ങൾ | മറ്റുള്ളവ | മൊത്തം അടങ്കൽ | വിഭാഗം | നിർവഹണം |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 20 | 21 |
| | | പൊതു - ഉൽപ്പാദനം | | | | | | | | | | | | | | | | | |
| 2 | 1 | സമഗ്ര നെൽകൃഷി വികസനം | N | 10,04,220 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 2,80,000 | 66,000 | 0 | 0 | 13,50,220 | GEN | AO |
| 3 | 2 | സമഗ്ര പച്ചക്കറി വികസനം | N | 57,000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 57,000 | GEN | AO |
| 4 | 3 | സമഗ്ര കേര കൃഷി വികസനം | N | 2,00,000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 56,672 | 0 | 0 | 2,56,672 | GEN | AO |
| 5 | 4 | ഫല സമൃദ്ധി മാവ് തൈ വിതരണം | N | 20,250 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 6,750 | 0 | 0 | 27,000 | GEN | AO |
| 6 | 5 | അഗ്രോ ഫാർമസി | N | 20,000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 20,000 | GEN | AO |
| 7 | 6 | കുറ്റികുരുമുളക് കൃഷി - തൈവിതരണം | N | 20,625 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 6,875 | 0 | 0 | 27,500 | GEN | AO |
| 8 | 7 | ഫലസമൃദ്ധി- വാഴകൃഷി വികസനം | N | 75,000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 75,000 | GEN | AO |
| 9 | 8 | കൃഷി ഓഫീസിലെ കണ്ടിജൻസി ചെലവ് | N | 0 | 0 | 0 | 0 | 0 | 0 | 40,000 | 0 | 0 | 0 | 0 | 0 | 0 | 40,000 | GEN | AO |
| 10 | 9 | കർഷകർക്ക് വന്യമൃഗങ്ങളിൽ നിന്ന് സംരക്ഷണത്തിന് സൗരോർജ വേലി | N | 1,80,000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1,80,000 | 0 | 0 | 3,60,000 | GEN | AO |
| 11 | 10 | നെൽകൃഷി വനിതാ കർഷകർക്ക് ധന സഹായം (Women) | N | 20,000 | 0 | 0 | 0 | 0 | 0 | 0 | 0 | 2,30,000 | 0 | 0 | 0 | 0 | 2,50,000 | GEN | AO |
| 12 | 11 | പശുവളർത്തൽ | N | 4,20,000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 4,20,000 | 0 | 0 | 8,40,000 | GEN | VETS |

| ക്രമനമ്പർ | പ്രോ. നം. | പ്രോജക്ടിന്റെ പേര് | N / S / M | വികസനഫണ്ട് GEN | വികസനഫണ്ട് SCP | വികസനഫണ്ട് TSP | ധനകാര്യകമ്മീഷൻ Basic | ധനകാര്യകമ്മീഷൻ Tied | മെയിന്റനൻസ് ഗ്രാന്റ് റോഡ് | മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | തനതു ഫണ്ട് | ബ്ലോക്ക് പഞ്ചായത്ത് | ജില്ല പഞ്ചായത്ത് | ഗുണഭോക്തൃ വിഹിതം | സംയോജിത വിഹിതങ്ങൾ | മറ്റുള്ളവ | മൊത്തം അടങ്കൽ | വിഭാഗം | ഉപവിഭാഗം |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 20 | 21 |
| 13 | 12 | വെറ്ററിനറി ഡിസ്പെൻസറിയിലേക്ക് കൺസ്യൂമബിൾസ് വാങ്ങൽ | 0 | 0 | 0 | 0 | 0 | 0 | 0 | 30,000 | 0 | 0 | 0 | 0 | 0 | 0 | 30,000 | GEN | VETS |
| 14 | 13 | മൃഗാശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ | 0 | 0 | 0 | 0 | 0 | 0 | 0 | 4,99,950 | 0 | 0 | 0 | 0 | 0 | 0 | 4,99,950 | GEN | VETS |
| 15 | 14 | വെറ്ററിനറി ഡിസ്പെൻസറി ആവർത്തന ചെലവുകൾ | 0 | 0 | 0 | 0 | 0 | 0 | 0 | 1,10,000 | 2,400 | 0 | 0 | 0 | 0 | 0 | 1,12,400 | GEN | VETS |
| 16 | 15 | കറവപശുകൾക്ക് ധാതുലവണങ്ങളും വിരമരുന്നും വിതരണ പദ്ധതി | 0 | 0 | 0 | 0 | 0 | 0 | 0 | 84,000 | 0 | 0 | 0 | 0 | 0 | 0 | 84,000 | GEN | VETS |
| 17 | 16 | കറവ പശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി | 0 | 2,55,000 | 0 | 0 | 0 | 0 | 0 | 0 | 0 | 2,00,000 | 0 | 9,23,650 | 0 | 0 | 13,78,650 | GEN | VETS |
| 18 | 17 | മുട്ടകോഴി വളർത്തൽ | 0 | 1,80,000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 15,000 | 0 | 0 | 1,95,000 | GEN | VETS |
| 19 | 18 | തെരുവ് നായ്ക്കൾക്ക് പേ വിഷ ബാധ പ്രതിരോധ കുത്തിവെയ്പ് | 0 | 1,00,000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1,00,000 | GEN | VETS |
| 20 | 20 | ക്ഷീര സഹകരണ സംഘങ്ങളിൽ പാലളക്കുന്ന ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 0 | 2,00,000 | 0 | 0 | 0 | 0 | 0 | 0 | 0 | 2,50,000 | 2,50,000 | 0 | 0 | 0 | 7,00,000 | GEN | DFI |
| 21 | 21 | മുറ്റത്തൊരു മീൻതോട്ടം | 0 | 40,000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 60,000 | 0 | 0 | 1,00,000 | GEN | FSI |
| 22 | 22 | വനിതകൾക്ക് അലങ്കാര മത്സ്യ വിത്ത് ഉത്പാദനവും വളർത്തലും (Women) | 0 | 1,00,000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1,50,000 | 0 | 0 | 2,50,000 | GEN | FSI |
| 23 | 23 | അക്വാ പോണിക്സ് | 0 | 30,000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 30,000 | 0 | 0 | 60,000 | GEN | FSI |
| 24 | 24 | വനിതാ വ്യക്തിഗത സ്വയം തൊഴിൽ സംരംഭം (Women) | 0 | 5,40,000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 5,40,000 | GEN | VEO1 |

| ക്രമനമ്പർ | പ്രോ. നം. | പ്രോജക്ടിന്റെ പേര് | N / S / M | വികസനഫണ്ട് GEN | വികസനഫണ്ട് SCP | വികസനഫണ്ട് TSP | ധനകാര്യകമ്മീഷൻ Basic | ധനകാര്യകമ്മീഷൻ Tied | മെയിന്റനൻസ് ഗ്രാന്റ് റോഡ് | മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | തനതു ഫണ്ട് | ബ്ലോക്ക് പഞ്ചായത്ത് | ജില്ല പഞ്ചായത്ത് | ഗുണഭോക്തൃ വിഹിതം | സംയോജിത വിഹിതങ്ങൾ | മറ്റുള്ളവ | മൊത്തം അടങ്കൽ | വിഭാഗം | നിർവഹണം |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 20 | 21 |
| 25 | 25 | വനിതാ ഗ്രൂപ്പ് സ്വയം തൊഴിൽ സംരംഭങ്ങൾക്ക് സബ്സിഡി (Women) | 0 | 6,00,000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 6,00,000 | GEN | VEO1 |
| 26 | 26 | വനിതകൾക്ക് സ്വയം തൊഴിലിന് ഇരു ചക്ര വാഹനം നൽകൽ (Women) | 0 | 4,50,000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 4,50,000 | GEN | VEO2 |
| 27 | 36 | മുളങ്കുന്നത്തുകാവ് ഗ്രാമ പഞ്ചായത്ത് പൊതു സ്ഥലങ്ങളുടെ മാലിന്യമുക്തമാക്കി ക്ലീൻ കേരളാ കമ്പനിക്ക് കൈമാറൽ | 0 | 0 | 0 | 0 | 0 | 6,00,000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 6,00,000 | GEN | SEC |
| | | പൊതു - ഉൽപ്പാദനം ആകെ | | 45,12,095 | 0 | 0 | 0 | 6,00,000 | 0 | 7,63,950 | 2,400 | 6,80,000 | 5,30,000 | 19,14,947 | 0 | 0 | 90,03,392 | | |
| | | പൊതു - സേവനം | | | | | | | | | | | | | | | | | |
| 30 | 27 | പദ്ധതി രൂപീകരണവും മോണിറ്ററിംഗും | 0 | 1,39,391 | 0 | 0 | 0 | 0 | 0 | 0 | 1,10,609 | 0 | 0 | 0 | 0 | 0 | 2,50,000 | GEN | SEC |
| 31 | 28 | ഐ കെ എം വിഹിതം നല്കൽ | 0 | 76,263 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 76,263 | GEN | SEC |
| 32 | 29 | എസ് എസ് കെ വിഹിതം നൽകൽ | 0 | 3,00,000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 3,00,000 | GEN | SEC |
| 33 | 30 | ടെക്നിക്കൽ അസിസ്റ്റന്റിന് വേതനം നൽകൽ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 4,06,640 | 0 | 0 | 0 | 0 | 0 | 4,06,640 | GEN | SEC |
| 34 | 31 | പ്രൊജക്ട് അസിസ്റ്റന്റിന് വേതനം നൽകൽ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 2,80,860 | 0 | 0 | 0 | 0 | 0 | 2,80,860 | GEN | SEC |
| 35 | 32 | ഗതാഗതത്തിന് തടസം നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 0 | 0 | 0 | 0 | 1,50,000 | 0 | 0 | 0 | 1,00,000 | 0 | 0 | 0 | 0 | 0 | 2,50,000 | GEN | SEC |
| 36 | 33 | കേരളോത്സവം | 0 | 50,000 | 0 | 0 | 0 | 0 | 0 | 0 | 1,00,000 | 0 | 0 | 0 | 0 | 0 | 1,50,000 | GEN | SEC |

| ക്രമനമ്പർ | പ്രോ. നം. | പ്രോജക്ടിന്റെ പേര് | N / S / M | വികസനഫണ്ട് GEN | വികസനഫണ്ട് SCP | വികസനഫണ്ട് TSP | ധനകാര്യകമ്മീഷൻ Basic | ധനകാര്യകമ്മീഷൻ Tied | മെയിന്റനൻസ് ഗ്രാന്റ് റോഡ് | മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | തനതു ഫണ്ട് | ബ്ലോക്ക് പഞ്ചായത്ത് | ജില്ല പഞ്ചായത്ത് | ഗുണഭോക്തൃ വിഹിതം | സംയോജിത വിഹിതങ്ങൾ | മറ്റുള്ളവ | മൊത്തം അടങ്കൽ | വിഭാഗം | ഉപമേഖല |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 20 | 21 |
| 37 | 34 | വരൾച്ചാ ബാധിത പ്രദേശങ്ങളിൽ കുടിവെള്ള വിതരണം | 0 | 10,00,000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 10,00,000 | GEN | SEC |
| 38 | 35 | സ്ട്രോങ് യുവത - ഓപ്പൺ ജിം | 0 | 3,00,000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 3,00,000 | GEN | SEC |
| 39 | 44 | അഗതി രഹിത കേരളം | 0 | 10,000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 10,000 | GEN | AS |
| 40 | 45 | ബാലസഭാ പ്രവർത്തനത്തിന് തുക നൽകൽ (Child) | 0 | 14,000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 14,000 | GEN | AS |
| 41 | 50 | ആയുവേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ | 0 | 0 | 0 | 0 | 0 | 0 | 0 | 13,00,000 | 0 | 0 | 0 | 0 | 0 | 0 | 13,00,000 | GEN | ISM |
| 42 | 51 | ആയുവേദ ആശുപത്രിയിലെ കണ്ടിജൻസിചെലവ് | 0 | 0 | 0 | 0 | 0 | 0 | 0 | 50,000 | 0 | 0 | 0 | 0 | 0 | 0 | 50,000 | GEN | ISM |
| 43 | 52 | ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ | 0 | 0 | 0 | 0 | 0 | 0 | 0 | 3,00,000 | 0 | 0 | 0 | 0 | 0 | 0 | 3,00,000 | GEN | GHD |
| 44 | 53 | ഹോമിയോ ഡിസ്പെൻസറിയിലേക്ക് പ്രിന്റർ വാങ്ങൽ | 0 | 0 | 0 | 0 | 0 | 0 | 0 | 25,000 | 0 | 0 | 0 | 0 | 0 | 0 | 25,000 | GEN | GHD |
| 45 | 54 | ഹോമിയോ ഡിസിപെൻസറിയിലെ കണ്ടിജൻസി ചെലവുകൾ | 0 | 0 | 0 | 0 | 0 | 0 | 0 | 50,000 | 0 | 0 | 0 | 0 | 0 | 0 | 50,000 | GEN | GHD |
| 46 | 55 | അംഗൻവാടി പോഷകാഹാരം | 0 | 8,00,000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 18,00,000 | 0 | 26,00,000 | GEN | ICDS |
| 47 | 56 | വയോജന സംഗമം (Aged) | 0 | 45,000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 45,000 | GEN | ICDS |
